2023
AUGUST
25
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## 20 ലക്ഷം രൂപവരെയുള്ള കിട്ടാക്കടം ഈടാക്കൽ നടപടി സാധ്യമെന്ന് ഹൈക്കോടതി

**കൊച്ചി:** ബാങ്കുകൾക്കും ധനസ്ഥാപനങ്ങളും 20 ലക്ഷം രൂപവരെയുള്ള കിട്ടാക്കടം ഈടാക്കാൻ കേരള റവന്യൂ റിക്കവറി നിയമപ്രകാരം നടപടി സാധ്യമാണെന്നു ഹൈക്കോടതി. 20 ലക്ഷത്തിൽ കൂടിയ കുടിശിക ഈടാക്കുന്നതിനാണു ഡെറ്റ് റിക്കവറി ട്രൈബ്യൂണലിന് (ഡിആർടി) അധികാരമുള്ളതെന്നു കോടതി വ്യക്തമാക്കി. 10 ലക്ഷത്തിൽ കൂടിയ കുടിശിക ഈടാക്കാനുള്ള റിക്കവറി അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്നു തൃശൂർ കലക്ടർ 2023 ഫെബ്രുവരി 4ന് ഇറക്കിയ സർക്കുലർ റദ്ദാക്കിക്കൊണ്ടാണു കോടതി ഇക്കാര്യം വ്യക്തമാക്കിയത്.

സർക്കുലർ ചോദ്യം ചെയ്ത് ഫെഡറൽ ബാങ്ക് നൽകിയ ഹർജിയിലാണു ജസ്റ്റിസ് പി.വി.കുഞ്ഞിക്കൃഷ്ണന്റെ ഉത്തരവ്. മറ്റു ചില ജില്ലകളിൽ ഉണ്ടായിരുന്ന സമാന സർക്കുലറുകളും ഇതോടെ അപ്രസക്തമാകും. 20 ലക്ഷത്തിനു മുകളിലുള്ള കുടിശിക ഈടാക്കൽ മാത്രം പരിഗണിക്കാവുന്ന തരത്തിൽ ഡിആർടികളുടെ ധനപരമായ അധികാര പരിധി കേന്ദ്രസർക്കാർ പുതുക്കിയിരുന്നു. നേരത്തേ ഇതു 10 ലക്ഷത്തിനു മുകളിലായിരുന്നു.

## വിന്ററിൽ തിരുവനന്തപുരം,ശ്രീലങ്ക പ്രതിദിന സർവീസ്”




**തിരുവനന്തപുരം:** ആവശ്യത്തിനു വിമാനം ലഭ്യമായാൽ വിന്റർ സീസണിൽ തിരുവനന്തപുരത്തു നിന്നു കൊളംബോയിലേക്ക് ആഴ്ചയിൽ ഏഴു ദിവസവും വിമാന സർവീസ് നടത്തുമെന്നും ഇതുൾപ്പെടുത്തി ഷെഡ്യൂൾ തയാറാക്കിയിട്ടുണ്ടെന്നും ശ്രീലങ്കൻ എയർലൈൻസ്. വരുമാനത്തിന്റെ കാര്യത്തിൽ ഇപ്പോൾ ഇന്ത്യയിൽ ഏഴാം സ്ഥാനത്താണു തിരുവനന്തപുരം.

എല്ലാ ദിവസവും വിമാനസർവീസ് തുടങ്ങുന്നതോടെ തിരുവനന്തപുരത്തു നിന്നു കൂടുതൽ യാത്രക്കാരും വരുമാനവും പ്രതീക്ഷിക്കുന്നതായി ഇന്ത്യ, ബംഗ്ലദേശ്, നേപ്പാൾ എന്നിവയുടെ ചുമതലയുള്ള റീജനൽ മാനേജർ വി.രവീന്ദ്രൻ പറഞ്ഞു. കഴിഞ്ഞ വർഷവും ഈ വർഷവും കൊച്ചിയാണു നാലാം സ്ഥാനത്ത്. കൊച്ചിയിൽനിന്ന് ആഴ്ചയിൽ 10 സർവീസുള്ളപ്പോൾ തിരുവനന്തപുരത്തുനിന്ന് ഇപ്പോൾ ശനിയാഴ്ച സർവീസില്ല. ആവശ്യത്തിനു യാത്രക്കാരെ ലഭിക്കുമെങ്കിൽ കേരളത്തിൽനിന്നു വലിയ വിമാനം സർവീസ് നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

# പഞ്ചസാര കയറ്റുമതി നിരോധിച്ചേക്കും



**ന്യൂഡൽഹി :** ഒക്ടോബറിൽ ആരംഭിക്കുന്ന അടുത്ത സീസണിൽ പഞ്ചസാര കയറ്റുമതി നിരോധിക്കാൻ ഇന്ത്യ ഒരുങ്ങുന്നു. മഴക്കുറവു മൂലം പ്രധാന കരിമ്പു കൃഷി മേഖലകളിൽ ഉൽപാദനം വൻതോതിൽ കുറഞ്ഞേക്കുമെന്ന റിപ്പോർട്ടിനെ തുടർന്നാണിതെന്ന് സർക്കാർ വൃത്തങ്ങൾ അറിയിച്ചു. 7 വർഷത്തിനിടെ ഇതാദ്യമാണ് ഇന്ത്യ പഞ്ചസാര കയറ്റുമതി നിരോധിക്കുന്നത്. ന്യൂയോർക്കിലെയും ലണ്ടനിലെയും ആഗോള വിപണികളിൽ വൻ ചലനമുണ്ടാക്കാനും ആഗോള ഭക്ഷ്യ വിപണിയിൽ വിലക്കയറ്റം വീണ്ടും വർധിക്കാനും ഇത് ഇടയാക്കിയേക്കും.

സെപ്റ്റംബർ 30ന് അവസാനിക്കുന്ന ഈ സീസണിൽ 61 ലക്ഷം ടൺ പഞ്ചസാര കയറ്റുമതി ചെയ്യാൻ മില്ലുകളെ അനുവദിച്ചിരുന്നു. മുൻ സീസണിൽ 111 ലക്ഷം ടണ്ണിന്റെ റെക്കോർഡ് കയറ്റുമതിയായിരുന്നു. കയറ്റുമതി നിയന്ത്രിക്കുന്നതിന് 2016 ൽ 20% തീരുവ ഏർപ്പെടുത്തിയെങ്കിലും കാര്യമായ കുറവുണ്ടാക്കാൻ കഴിഞ്ഞില്ല. പ്രധാന പഞ്ചസാര ഉൽപാദന മേഖലകളായ മഹാരാഷ്ട്രയിലും ദക്ഷിണ കർണാടകയിലും ഈ വർഷം മഴയിൽ 50 ശതമാനത്തിലേറെ കുറവുണ്ടായിരുന്നു. ഇത് 2023,24, 24,25 വർഷങ്ങളിലെ ഉൽപാദനത്തെ കാര്യമായി ബാധിക്കാനിടയുണ്ട്.

പഞ്ചസാര വിലയിൽ പ്രാദേശികമായി വർധന പ്രകടമായിത്തുടങ്ങി. രാജ്യത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം 3 വർഷത്തിൽ ഏറ്റവും കൂടിയ 11.5% ആയി. പഞ്ചസാര ഉൽപാദനത്തിൽ ഈ വർഷം 317 ലക്ഷം ടണ്ണിന്റെ കുറവു പ്രതീക്ഷിക്കുന്നുണ്ട്. ബസുമതിയല്ലാത്ത വെളുത്ത അരിയുടെ കയറ്റുമതി നിരോധിച്ച് ഇന്ത്യ കഴിഞ്ഞ മാസം ലോക വിപണിയെ ഞെട്ടിച്ചിരുന്നു. സവാള കയറ്റുമതിക്ക് കഴിഞ്ഞയാഴ്ച 40% തീരുവ ഏർപ്പെടുത്തുകയും ചെയ്തു.

## വാടക ഡിവിഡി സേവനം അവസാനിപ്പിക്കാൻ നെറ്റ്ഫ്ലിക്സ്




25 വർഷം മുൻപ് തപാൽ വഴി സിനിമകളുടെ ഡിവിഡി അയച്ചുകൊണ്ട് സേവനമാരംഭിച്ച നെറ്റ്ഫ്ലിക്സ്, ഓൺലൈൻ സ്ട്രീമിങ്ങിൽ ചുവടുറപ്പിച്ചതോടെ വാടക ഡിവിഡികളോട് വിടപറയുന്നു. സെപ്റ്റംബർ 29ന് തപാൽ വഴിയുള്ള അവസാനത്തെ ഡിവിഡികൾ അയക്കുമെന്ന് കമ്പനി പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി ഉപയോക്താക്കൾക്ക് വാടകയ്ക്ക് എടുത്ത എല്ലാ ഡിസ്കുകളും സ്വന്തമായി സൂക്ഷിക്കാമെന്ന് നെറ്റ്ഫ്ലിക്സ് അറിയിച്ചു. സെപ്റ്റംബർ 19ന് ശേഷം തിരികെ നെറ്റ്ഫ്ലിക്സ് ഡിവിഡികൾ കയ്യിൽ സൂക്ഷിക്കുന്നവർക്ക് അത് ഒരു സ്മരണികയായി എക്കാലവും സൂക്ഷിക്കാം എന്നാണ് കമ്പനി അറിയിച്ചിരിക്കുന്നത്. യുഎസിൽ മാത്രമാണ് നെറ്റ്ഫ്ലിക്സിന്റെ വാടക ഡി!വിഡി സേവനമുള്ളത്. 10 ലക്ഷത്തോളം പേരാണ് ഇപ്പോഴും നെറ്റ്ഫ്ലിക്സിന്റെ ഡിവിഡി സേവനത്തിന്റെ വരിക്കാരായുള്ളത്.

## 6 മാസത്തിനിടെ ദുബായ് ഇന്ത്യ വിമാന യാത്രികർ 60 ലക്ഷം

**ദുബായ് :** ലോകത്തെ ഏറ്റവും തിരക്കേറിയ വിമാനത്താവളങ്ങളിലൊന്നായ ദുബായിൽ നിന്ന് ഇന്ത്യയിലേക്ക് ഇക്കൊല്ലം ആദ്യപകുതിയിൽ ഇതുവരെ 60 ലക്ഷം പേർ യാത്ര ചെയ്തു. ഈ കാലയളവിൽ 4.16 കോടി യാത്രക്കാരാണ് ദുബായ് വിമാനത്താവളത്തിലൂടെ വിദേശ രാജ്യങ്ങളിലേക്കു പോയത്. 2022നെ അപേക്ഷിച്ച് യാത്രക്കാരുടെ എണ്ണത്തിൽ 49.1% വർധനയുണ്ട്. 31 ലക്ഷം പേരുമായി സൗദിയാണ് രണ്ടാം സ്ഥാനത്ത്. യുകെ (28 ലക്ഷം), പാക്കിസ്ഥാൻ (20 ലക്ഷം) എന്നീ രാജ്യങ്ങളാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ. ഇതേസമയം, ഈ കാലയളവിൽ ദുബായിൽ എത്തിയവരുടെ പട്ടികയിൽ ലണ്ടനാണ് (17 ലക്ഷം) ഒന്നാം സ്ഥാനം. 12 ലക്ഷം യാത്രക്കാരുമായി മുംബൈയും റിയാദുമാണ് രണ്ടാം സ്ഥാനത്ത്.



## വോട്ടർ ബോധവത്ക്കരണം: മെഗാ തിരുവാതിരകളിയുമായി സ്വീപ് സംഘം



**ആലപ്പുഴ:** വോട്ടർ പട്ടികയിൽ യുവ വോട്ടർമാരുടെ സാന്നിധ്യം വർദ്ധിപ്പിക്കുന്നത്തിന്റെ ഭാഗമായി സ്വീപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ സെന്റ് ജോസഫ്സ് കോളജിൽ മെഗാ തിരുവാതിരകളി സംഘടിപ്പിച്ചു. ജില്ല തിരഞ്ഞെടുപ്പ് വിഭാഗത്തിന്റെയും ഇലക്ട്രൽ ലിറ്ററസി ക്ലബ്ബിന്റെയും കോളേജ് യൂണിയന്റെയും സംയുക്താഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. അധ്യാപകരും വിദ്യാർഥികളും ഉൾപ്പെടെ നൂറോളം പേർ തിരുവാതിരക്കളിയിൽ പങ്കെടുത്തു.
ജില്ല കളക്ടർ ഹരിത വി. കുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. തിരഞ്ഞെടുപ്പ് വിഭാഗം ഡെപ്യൂട്ടി കളക്ടർ ബി. കവിത, ചേർത്തല ഡെപ്യൂട്ടി തഹസിൽദാറും ലിറ്ററസി ക്ലബ്ബ് നോഡൽ ഓഫീസറുമായ മുകേഷ് ആർ. ചന്ദ്രൻ, സ്വീപ്പ് നോഡൽ ഓഫീസർ ഫിലിപ്പ് ജോസഫ്, അമ്പലപ്പുഴ തഹസിൽദാർ വി.സി. ജയ, തിരഞ്ഞെടുപ്പ് വിഭാഗം ജൂനിയർ സൂപ്രണ്ട് ഷിബു സി. ജോബ്, കോളേജ് പ്രിൻസിപ്പാൾ ഡോ.എ.എ. ഉഷ, മാനേജർ ഫിലോമിന പുത്തൻപുര, പ്രൊഫസർ വി.എസ്. സുലീന, താലൂക്ക് തിരഞ്ഞെടുപ്പ് വിഭാഗം ജീവനക്കാർ തുടങ്ങിയവർ പങ്കെടുക്കുത്തു.കോളജ് വിദ്യാർഥികൾക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കാനായി സ്വീപ്പിന്റെ ഹെൽപ്പ് ഡെസ്ക്കും ഒരുക്കിയിരുന്നു.

## പടഹാരം പാലം ഡിസംബറിൽ തുറന്നു കൊടുക്കും

**അലപ്പുഴ:** പടഹാരം പാലം ഡിസംബറിൽ തുറന്നു കൊടുക്കുമെന്ന് തോമസ് കെ. തോമസ് എം.എൽ.എ. പറഞ്ഞു. പാലത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുകയായിരുന്നു എം.എൽ.എ. ദ്രുതഗതിയിലാണ് പാലത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നതെന്നും എം.എൽ.എ. പറഞ്ഞു. 53 മീറ്റർ ദൈർഘ്യമുള്ള പാലം 57.83 കോടി രൂപ ചെലവഴിച്ചാണ് നിർമ്മിക്കുന്നത്. 7.5 മീറ്റർ വീതിയുള്ള പാലത്തിൽ 1.70 മീറ്റർ വീതിയിൽ നടപ്പാതയു്. സീറോ ലാൻഡിങ് സംവിധാനത്തിൽ പൂക്കൈതയാറിന് കുറുകെ നിർമ്മിക്കുന്ന പാലം വിനോദസഞ്ചാരത്തിനും പരിഗണന നൽകിയാണ് രൂപകൽപന ചെയ്തിട്ടുള്ളത്. കുട്ടനാട്ടിലൂടെ കടന്നുപോകുന്ന പ്രധാന പാതകളായ ആലപ്പുഴ ചങ്ങനാശ്ശേരി റോഡിനെയും അമ്പലപ്പുഴ തിരുവല്ല റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന പാലം കൂടിയാണ് കരുവാറ്റകുപ്പപ്പുറം റോഡിൽ സ്ഥിതിചെയ്യുന്ന പടഹാരം പാലം.201617ലെ ബജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ കേരള റോഡ് ഫ് ബോർഡിന്റെ മേൽനോട്ടത്തിലാണ് നിർമാണം.

### വയോജനങ്ങൾക്ക് ഒരു സ്നേഹതീരം പദ്ധതിക്ക് തുടക്കം

ആലപ്പുഴ: പുന്നപ്ര വടക്ക് പഞ്ചായത്തിൽ ആരംഭിച്ച 'വയോജനങ്ങൾക്ക് ഒരു സ്നേഹതീരം' പദ്ധതിയുടെ ഉദ്ഘാടനവും 57 പേർക്കുള്ള ഓണക്കോടിയുടെ വിതരണവും ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി നിർവഹിച്ചു. പദ്ധതിയിൽ മെഡിക്കൽ ക്യാമ്പ്, കൗൺസിലിംഗ്, തൊഴിൽ പരിശീലനം, നേത്ര പരിശോധനാ ക്യാമ്പ്, വിനോദയാത്ര തുടങ്ങിയ ആറു പ്രതിമാസ പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജിത സതീശൻ അധ്യക്ഷയായി. മെഡിക്കൽ ഓഫീസർ ഡോ. ഫിജി പീറ്റർ പദ്ധതി വിശദീകരണവും ആരോഗ്യ സന്ദേശവും നൽകി. ജില്ല പഞ്ചായത്തംഗം ഗീത ബാബു, പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ.പി. സരിത, സ്റ്റാൻഡിങ് കമ്മറ്റി അംഗങ്ങളായ വിനോദ് കുമാർ, അജിത ശശി, ജയപ്രസന്നൻ, സി.ഡി.എസ്. ചെയർപേർസൺ ഇന്ദുലേഖ, തുടങ്ങിയവർ പങ്കെടുത്തു.

### സ്പീക്കറുടെ ഗണപതി പരാമർശം:

# മുഖ്യമന്ത്രിയിൽ നിന്നും റിപ്പോർട്ട് തേടണം ; ഗവർണർക്ക് പരാതി നൽകി വി.എച്ച്.പി



ഗണപതി ഭഗവാനുമായി ബന്ധപ്പെട്ട് കേരള സ്പീക്കർ എ.എൻ ഷംസീർ നടത്തിയ ഹൈന്ദവ വിരുദ്ധ പരാമർശത്തിൽ മുഖ്യമന്ത്രിയോട് റിപ്പോർട്ട് തേടണമെന്നാവശ്യപ്പെട്ട് വിശ്വഹിന്ദുപരിഷത്തിന്റെ സന്യാസ സമൂഹമായ മാർഗ്ഗ ദർശക് മണ്ഡൽ പ്രസിഡന്റ് ചിദാനന്ദ പുരി സ്വാമിയുടെ നേതൃത്വത്തിൽ ഗവർണർ ആരിഫ് മുഹമ്മദ്ഖാന് നിവേദനം നൽകിയപ്പോൾ.സ്വാമി പ്രജ്നാനന്ദ തീർഥ പാദർ ,സ്വാമി സത് സ്വരൂപാനന്ദ സരസ്വതി, വേദാമൃതാനന്ദ പുരി, വീതസംഗാനന്ദ, സ്വാമി അയ്യപ്പദാസ്, ഹരിഹരാനന്ദസരസ്വതി, കേശവാനന്ദ ഭാരതി, വിജി തമ്പി, വി.ആർ.രാജശേഖരൻ,അജിത് കുമാർ തുടങ്ങിയവർ സമീപം

**തിരുവനന്തപുരം :** ഹിന്ദുമതവിശ്വാസികളുടെ മനസിനെ മുറിവേൽപ്പിക്കുന്നവിധത്തിൽ ഗണപതി ഭഗവാനുമായി ബന്ധപ്പെട്ട് കേരള സ്പീക്കർ എ.എൻ ഷംസീർ നടത്തിയ ഹൈന്ദവ വിരുദ്ധ പരാമർശത്തിൽ മുഖ്യമന്ത്രിയോട് റിപ്പോർട്ട് തേടണമെന്നും വിഷയം രാഷ്ട്രപതിയെ ധരിപ്പിക്കണമെന്നും ആവശ്യപ്പെട്ട് വിശ്വഹിന്ദുപരിഷത്തിന്റെ സന്യാസ സമൂഹമായ മാർഗ്ഗ ദർശക് മണ്ഡൽ പ്രസിഡന്റ് ചിദാനന്ദ പുരി സ്വാമിയുടെ നേതൃത്വത്തിൽ സ്വാമി പ്രജ്നാനന്ദ തീർഥ പാദർ (വാഴൂർ, തീർഥപാദാശ്രമം) ,സ്വാമി സത് സ്വരൂപാനന്ദ സരസ്വതി (എരുമേലി,ആത്മബോധിനി ആശ്രമം), വേദാമൃതാനന്ദ പുരി(വള്ളിക്കാവ് അമൃതാനന്ദമയി മഠം), വീതസംഗാനന്ദ( പാലാ,ശ്രീരാമകൃഷ്ണ മിഷൻ), സ്വാമി അയ്യപ്പദാസ്(തൊടുപുഴ,തത്വമസി ആശ്രമം), ഹരിഹരാനന്ദസരസ്വതി(തിരുവനന്തപുരം സംബോധ് ഫൗണ്ടേഷൻ), കേശവാനന്ദ ഭാരതി(തിരുവനന്തപുരം,അഭേതാനന്ദാശ്രമം),വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി വി.ആർ.രാജശേഖരൻ, വി.എച്ച്.പി തിരുവനന്തപുരം വിഭാഗ് സംഘടനാ സെക്രട്ടറി അജിത് കുമാർ എന്നിവരടങ്ങിയ സംഘം കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാന് പരാതി നൽകി. സംഭവത്തിൽ മുഖ്യമന്ത്രിയിൽ നിന്നും റിപ്പോർട്ട് തേടുമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉറപ്പു നൽകിയതായി മാർഗ്ഗ ദർശക് മണ്ഡൽ പ്രസിഡന്റ് ചിദാനന്ദ പുരി സ്വാമി,വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി വി.ആർ. രാജശേഖരൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.സംസ്ഥാനത്തിന്റെ സ്പീക്കർ പദവി വഹിക്കുന്ന വ്യക്തിയിൽ നിന്നും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത വിധത്തിലുള്ള പരമാർശമാണ് 2023 ജൂലൈ 21 ന് എറണാകുളം കുന്നത്തുനാട് നിയമസഭാ മണ്ഡലത്തിലെ ഒരു സ്കൂളിൽ വിദ്യാഭ്യാസ പദ്ധതി ഉദ്ഘാടനം ചെയ്യവെ ഹിന്ദുക്കളുടെ വിശുദ്ധ ഗ്രന്ഥമായ രാമായണത്തിന്റെയും മഹാഭാരതത്തിന്റെയും ഇതിഹാസ ഉള്ളടക്കത്തെക്കുറിച്ചും ഹൈന്ദവ വിശ്വാസികളുടെ ആരാധനാ മൂർത്തിയായ ഗണേശ ഭഗവാനെക്കുറിച്ചും സ്പീക്കർ എ.എൻ.ഷംസീർ നടത്തിയത്. ഇത് അത്യന്തം അപകീർത്തികരവും ഹൈന്ദവ വിശ്വാസികളുടെ വിശ്വാസത്തെ വ്രണപ്പെടുത്തുന്നതുമാണെന്നും ചിദാനന്ദ പുരി സ്വാമി വ്യക്തമാക്കി. സ്പീക്കറുടെ പരാമർശത്തിനെതിരെ വിവിധ ഹൈന്ദവ മതവിഭാഗങ്ങളിൽ നിന്നും ഗണേശ ഭക്തരായ വിശ്വാസികളിൽ നിന്നും പ്രതിഷേധം ഉയർന്നെങ്കിലും തന്റെ പരാമർശത്തിൽ ക്ഷമാപണം നടത്താൻ തയ്യാറായില്ലെന്നു മാത്രമല്ല ഹിന്ദുമത അനുയായികളെയും വിശ്വാസത്തെയും ബോധത്തെയും പരസ്യമായി ധിക്കരിക്കുന്ന സമീപനമാണ് സ്പീക്കർ എ എൻ ഷംസീർ സ്വീകരിച്ചത്. കേരള സംസ്ഥാനത്തിന്റെ നിയമസഭാംഗമെന്ന നിലയിൽ ഇന്ത്യൻ ഭരണഘടന പ്രകാരം അദ്ദേഹം എടുത്ത സത്യപ്രതിജ്ഞയുടെ ലംഘനവുമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. രാമായണം, മഹാഭാരതം തുടങ്ങിയ ഇതിഹാസങ്ങളിൽ അടങ്ങിയിരിക്കുന്ന ഓരോ വാക്കുകളും വിശ്വാസികൾക്ക് ഉൾക്കൊള്ളാനും അനുകരിക്കാനുമുള്ള വിശുദ്ധ കുറിപ്പുകളാണ്. അത് ഒരോരുത്തർക്കും തങ്ങൾക്കു തോന്നുന്ന വിധത്തിൽ വ്യഖ്യാനിക്കാൻ പാടുള്ളതല്ല.ഇതിഹാസങ്ങളിൽ അടങ്ങിയിരിക്കുന്ന ഹൈന്ദവ തത്ത്വചിന്തയെക്കുറിച്ചോ ദൈവങ്ങളുടെ രൂപത്തെയും ഭാവത്തെയും കുറിച്ചോ അഭിപ്രായം പറയാൻ തക്കവിധത്തിൽ ഇക്കാര്യങ്ങളിൽ ആഴത്തിൽ അറിവുള്ള വ്യക്തിയാണ് സ്പീക്കർ എ എൻ ഷംസീർ എന്ന് കരുതുന്നില്ലെന്നും ചിദാനന്ദ പുരി സ്വാമി വ്യക്തമാക്കി. പക്വത പ്രാപിക്കാത്ത സ്കൂൾ വിദ്യാർഥികളുടെ മനസിൽ ഹിന്ദു മത ഗ്രന്ഥങ്ങളിലും അവയുടെ വിഗ്രഹങ്ങളിലും രാഷ്ട്രീയ വിരോധം കലർത്തി സ്വാധീനിക്കാൻ ശ്രമിക്കുന്നത് ഭരണഘടനാ പദവി വഹിക്കുന്ന വ്യക്തിക്കു ഒരിക്കലും ചേരുന്നതല്ലെന്നുമാത്രമല്ല ഇത് അത്യന്തം നിന്ദ്യവുമാണ്. അതു കൊണ്ടു തന്നെ സ്പീക്കർ പദവിയിൽ ഇരിക്കാൻ എ എൻ ഷംസീർ യോഗ്യനല്ല. ഭരണഘടനാപരമായ കർത്തവ്യങ്ങളും അന്തസ്സും മറന്നുകൊണ്ട് പൊതുജന മധ്യത്തിൽ വിലകുറഞ്ഞ രാഷ്ട്രീയ അഭിപ്രായപ്രകടനങ്ങൾ നടത്തി ബോധപൂർവ്വം മറ്റൊരു മതവിശ്വാസത്തെ അവഹേളിച്ചിരിക്കുകയാണ്. ഇത് ഗുരുതരമായ തെറ്റും ഭരണഘടനാ വിരുദ്ധ നടപടിയുമാണ്. ഈ സാഹചര്യത്തിൽ ഗവർണർ അടിയന്തരമായി ഈ വിഷയത്തിൽ ഇടപെട്ട് മുഖ്യമന്ത്രിയിൽ നിന്നും റിപ്പോർട്ടു തേടുകയും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ നടപടിയാവശ്യപ്പെട്ടുള്ള ശുപാർശയോടെ പരാതി രാഷ്ട്രപതിക്ക് കൈമാറണമെന്നും ഗവർണറോട് ആവശ്യപ്പെട്ടതായും ഇവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.സ്വാമി പ്രജ്നാനന്ദ തീർഥ പാദർ(വാഴൂർ,തീർഥപാദാശ്രമം),വീതസംഗാനന്ദ സ്വാമി(ശ്രീരാമകൃഷ്ണ മിഷൻ,പാലാ) എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

### പത്താംതരം തുല്യതാപരീക്ഷ സെപ്റ്റംബർ 11 മുതൽ: 787 പേർ പരീക്ഷ എഴുതും

**ആലപ്പുഴ:** സാക്ഷരത മിഷൻ നടത്തുന്ന പത്താംതരം തുല്യത കോഴ്സിന്റെ 16ാം ബാച്ച് പൊതുപരീക്ഷയുടെ ഒരുക്കങ്ങൾ പൂർത്തിയായി. ജില്ലയിൽ 661 സ്ത്രീകളും 126 പുരുഷന്മാരും ഉൾപ്പടെ 787 പേർ പരീക്ഷ എഴുതും. സെപ്റ്റംബർ 11 മുതൽ 20 വരെയാണ് പൊതുപരീക്ഷ. ജില്ലയിൽ 11 പരീക്ഷ കേന്ദ്രങ്ങളാണ് ഉള്ളത്. ജില്ലയിലെ 16 സമ്പർക്ക പഠനകേന്ദ്രങ്ങളിൽ ഞായറാഴ്ചയും മറ്റ് പൊതു അവധി ദിവസങ്ങളിലുമായി നടത്തിയ ക്ലാസുകളിൽ 1728 പഠിതാക്കളാണ് പങ്കെടുത്തത്. ഇതിൽ 787 പേരാണ് പരീക്ഷ എഴുതുന്നത്. മറ്റുള്ളവർ അടുത്ത തവണ പരീക്ഷ എഴുതും.ചേർത്തല ഗവ.ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലാണ് ഏറ്റവും കൂടുതൽ പേർ പരീക്ഷ എഴുതുന്നത്. 117 പേർ. വി.വി.എച്ച്.എസ്.എസ് താമരക്കുളത്താണ് ഏറ്റവും കുറവ് പരീക്ഷാർത്ഥികൾ. 32 പേരാണ് ഇവിടെയുള്ളത്.

# വിലക്കിഴിവുമായി ഓണച്ചന്തകൾ ആരംഭിച്ചു

**ആലപ്പുഴ:** ഓണത്തോടനുബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുമായി ചേർന്ന് നടത്തുന്ന ഓണച്ചന്തകൾ ആരംഭിച്ചു. 30 ശതമാനം വരെ വിലക്കിഴിവിൽ പൊതുജനങ്ങൾക്ക് ഓണച്ചന്തകളിൽ നിന്നും പച്ചക്കറികൾ വാങ്ങാം. എല്ലാ കൃഷിഭവനുകളിലും ഓണച്ചന്തകൾ പ്രവർത്തിക്കും.കൃഷി വകുപ്പിന്റെ 80 വിപണികളും ഹോർട്ടികോർപ്പിന്റെ 53, വി.എഫ്.പി.സി.കെ.യുടെ 12 വിപണികളും കുടുംബശ്രീയുടെ വിപണികളുമാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്.പ്രാദേശിക കർഷകരിൽ നിന്നും സംഭരിച്ച വിഷരഹിതമായ നാടൻ പച്ചക്കറികളാണ് ഓണച്ചന്തകളിലുള്ളത്. പൊതു വിപണിയിലെ സംഭരണ വിലയേക്കാൾ 10% അധികവില നൽകിയാണ് പച്ചക്കറികൾ കർഷകരിൽ നിന്നും സംഭരിക്കുന്നത്. ജില്ലയിലെ കർഷകരിൽ നിന്നും ലഭിക്കാത്ത പച്ചക്കറികൾ ഹോർട്ടികോർപ്പിൽ നിന്നും സംഭരിക്കും.ജില്ലയിൽ പ്രധാനമായും പാലമേൽ, വെൺമണി, ചേർത്തല മേഖലകളിൽ നിന്നാണ് നാടൻ പച്ചക്കറികൾ സംഭരിക്കുന്നത്. ജില്ലയിൽ ലഭ്യമല്ലാത്ത നാടൻ പച്ചക്കറികൾ മറ്റ് ജില്ലകളിലെ കർഷകരിൽ നിന്നും ശീതകാല പച്ചക്കറികൾ ഇടുക്കിയിൽ നിന്നുമാണ് സംഭരിക്കുന്നത്.

# പി. എം. മത്സ്യ സംപാദ യോജന: അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** പ്രധാനമന്ത്രി മത്സ്യ സംപാദ യോജന പദ്ധതിയുടെ ജില്ലാ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച വിവിധ ഘടക പദ്ധതികളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു.ശുദ്ധ ജല മത്സ്യോത്പാദന യൂണിറ്റ് (ഹാച്ചറി), പുതിയ ശുദ്ധജല കുളം നിർമ്മാണം, പുതിയ ഓരുജല മത്സ്യകൃഷി കുളം നിർമ്മാണം, ശുദ്ധജല മത്സ്യകൃഷിക്കുള്ള ഇൻപുട്ട്, പിന്നാമ്പുറ കുളങ്ങളിലെഅലങ്കാര മത്സ്യവിത്ത് പരിപാലന യൂണിറ്റ്, മീഡിയം സ്കെയിൽ അലങ്കാര മത്സ്യവിത്ത് പരിപാലന യൂണിറ്റ്, ഇൻറഗ്രേറ്റഡ് അലങ്കാര മത്സ്യവിത്ത് പരിപാലന യൂണിറ്റ്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, റെഫ്രിജറേറ്റഡ് വെഹിക്കിൾസ്, മത്സ്യവിപണനത്തിനുള്ള മോട്ടോർ സൈക്കിളും ഐസ് ബോക്സും, മത്സ്യവിപണനത്തിനുള്ള സൈക്കിളും ഐസ് ബോക്സും, മെക്കനൈസ്ഡ് ഫിഷിംഗ് വെസ്സലുകളിൽ ബയോടോറ്റ് നിർമ്മാണം എന്നിവയാണ് പദ്ധതികൾ. ഗുണഭോക്താക്കൾക്ക് 40 ശതമാനം സബ്സിഡി അനുവദിക്കും. താത്പര്യമുള്ളവർ വെള്ളക്കടലാസിൽതയ്യാറാക്കിയ അപേക്ഷ സെപ്റ്റംബർ 10ന് വൈകിട്ട് 5നകം ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, തോട്ടപ്പള്ളി, അമ്പലപ്പുഴ, ആലപ്പുഴ, ചേർത്തല, തുറവൂർ, മാന്നാർ എന്നീ മത്സ്യഭവൻ ഓഫീസുകളിൽ നൽകണം. ഫോൺ: 04772251103, 0477 2252814

# സ്പോട്ട് പ്രവേശനം

**ആലപ്പുഴ:** കോന്നിയിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റിന്റെ (സി.എഫ്.ആർ.ഡി.) കീഴിൽ കോളേജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജി (സി.എഫ്.ടി.കെ.) നടത്തുന്ന ബി.എസ്.സി. ഫുഡ് ടെക്നോളജി & ക്വാളിറ്റി അഷ്വറൻസ് കോഴ്സിലെ 2023 26 ബാച്ചിലേക്ക് മാനേജ്മെന്റ് ക്വോട്ടയിൽ ഒഴിവുള്ള സീറ്റിലേക്ക് സ്പോട്ട് പ്രവേശനം നടത്തുന്നു. താത്പര്യമുള്ളവർ സെപ്റ്റംബർ അഞ്ചിന് രാവിലെ 10.30ന് കോളേജിൽ എത്തണം. ഫോൺ: 0468 2240047, 9846585609.

## ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് കോഴ്സ്: 26 വരെ അപേക്ഷിക്കാം

**ആലപ്പുഴ:** സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി. കമ്മ്യൂണിറ്റി കോളേജ് ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് കോഴ്സിലേക്ക് ഓഗസ്റ്റ് 26 വരെ അപേക്ഷിക്കാം. പ്ലസ്ടു തത്തുല്യമാണ് യോഗ്യത.അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരത്തെ എസ്.ആർ.സി. ഓഫീസിൽ നിന്നും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം33. ഫോൺ: 0471 2570471, 9846033009. വെബ്സൈറ്റ്: https://apps.rccc.in/register

# കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ വികസനം സാധ്യമാകൂ; പി. രാജീവ്



**കൊച്ചി:** കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ വികസനം സാധ്യമാകൂവെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്. കളമശ്ശേരി കാർഷികോത്സവം അഞ്ചാം ദിനത്തിലെ 'റസിഡൻസ് അസോസിയേഷനുകൾക്കൊപ്പം'സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ വാഹിനിയുടെ പ്രവർത്തനഫലമായി ജില്ലയിലെ തോടുകളിൽ നല്ല മാറ്റം പ്രകടമാണ്. മണ്ഡലം മാലിന്യമുക്തമാക്കുന്നതിൽ റസിഡൻസ് അസോസിയേഷനുകൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. ശുചിത്വത്തിന്റെ കാര്യത്തിൽ ഒരു കൊല്ലം മുൻപത്തെ സ്ഥിതി അല്ല ഇപ്പോൾ ജില്ലയിലുള്ളതെന്നും ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തുടങ്ങിയ പദ്ധതികളിലൂടെ വീണ്ടെടുത്ത സ്ഥലങ്ങൾ സംരക്ഷിക്കാൻ ജനങ്ങൾ തന്നെ മുന്നിട്ടിറങ്ങണമെന്നും മന്ത്രി പറഞ്ഞു.ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരായ വീട്ടമ്മമാർ ഉള്ള നാടാണ് കേരളം. വീട്ടമ്മമാർക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കുടിവെള്ളവുമായി ബന്ധപ്പെട്ട് 250 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം കർഷകർക്ക് നല്ല വില ലഭ്യമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനാണ് ശ്രദ്ധ ചെലുത്തുന്നത്. സഹകരണ ബാങ്കുകൾ മൂല്യ വർദ്ധത ഉത്പന്നങ്ങളുടെ സംരംഭങ്ങൾക്ക് സഹായങ്ങൾ നൽകുന്നുണ്ട്. 2024ൽ ആലങ്ങാട് ശർക്കര വിപണിയിൽ എത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ, ഒളിമ്പ്യൻ മേഴ്സിക്കുട്ടൻ, നടൻ സിനോജ് വർഗീസ്, എറണാകുളം ഡിസ്ട്രിക്ട് റസിഡൻസ് അസോസിയേഷൻ അപെക്സ് കൗൺസിൽ ജില്ലാ പ്രസിഡന്റ് രംഗദാസ് പ്രഭു, ജില്ലാ സെക്രട്ടറി അജയകുമാർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട് ഗവേണിങ് ബോഡി മെമ്പർ ജയഗോപാൽ റാവു എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കാർഷികോത്സവം 2023 അഞ്ചാം ദിവസത്തിലെ കലാസന്ധ്യ നടൻ സിനോജ് വർഗീസ് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ എല്ലാ ജില്ലകളും കാർഷികമായി മുന്നേറട്ടെയെന്ന് സിനോജ് വർഗീസ് ആശംസകൾ അറിയിച്ചു.

# തുമ്പപ്പൂ 2023: കലാ മാമാങ്കം വജ്ര ജൂബിലി കലാ പ്രതിഭ സംഗമം



**കൊച്ചി:** 'തുമ്പപ്പൂ 2023' ഓണാഘോഷത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സാംസ്കാരിക വകുപ്പുമായി ചേർന്ന് വജ്ര ജൂബിലി ഫെലോഷിപ്പ് കലാ പ്രതിഭ സംഗമം 'കലാ മാമാങ്കം' സംഘടിപ്പിച്ചു. ചലച്ചിത്ര താരം റിമ കല്ലിങ്കൽ പരിപാടി ഉദ്ഘാടനം ചെയ്തു. തന്നെ സംബന്ധിച്ചിടത്തോളം ഏറെ സന്തോഷമുള്ള നിമിഷമാണിതെന്ന് റിമ കല്ലിങ്കൽ പറഞ്ഞു. കോവിഡ് കാലത്തെ പ്രതിസന്ധികളെയൊക്കെ തരണം ചെയ്ത് വീണ്ടും സജീവമാവുകയാണ് കലാ രംഗമിപ്പോൾ. ഈ ഘട്ടത്തിൽ കലയെയും കലാപ്രതിഭകളെയും ചേർത്ത് നിർത്തുന്ന ഇത്തരം ഉദ്യമങ്ങൾ മാതൃകാപരമാണെന്നും അവർ പറഞ്ഞു. വേദിയിൽ നൃത്തമവതരിപ്പിച്ച ശേഷമാണ് റിമ മടങ്ങിയത്.ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിതാ റഹിം, ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷൻ എം.ജെ ജോമി, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ഷൈനി ജോർജ്ജ്, മനോജ് മൂത്തേടൻ, കെ. വി രവീന്ദ്രൻ, ഷൈമി വർഗീസ്, അനിമോൾ ബേബി, വജ്ര ജൂബിലി ഫെലോഷിപ്പ് ജില്ലാ കോഓഡിനേറ്റർ ദിവ്യ ഗോപിനാഥ്, ജില്ലാപഞ്ചായത്ത് ഫിനാൻസ് ഓഫീസർ ജോബി തോമസ്, സൂപ്രണ്ട് ജോസഫ് അലക്സാണ്ടർ, വജ്ര ജൂബിലി ഫെലോഷിപ് പ്രോഗ്രാം കമ്മിറ്റി കൺവീനർ പി.എം പ്രിയ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.വജ്ര ജൂബിലി കലാപ്രതിഭകളുടെ സൃഷ്ടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് 'കൂട്ടം'എന്ന പേരിൽ ചിത്ര ശില്പ പ്രദർശനവും പരിപാടിയുടെ ഭാഗമായി ഒരുക്കിയിരുന്നു. ചടങ്ങിൽ 'കലാ മാമാങ്കം'എന്ന പേരിൽ സുവനീറും പുറത്തിറക്കി.

# വിപുലമായ വസ്ത്ര ശേഖരമൊരുക്കി ഖാദി ബോർഡ്




**കൊച്ചി:** കളമശ്ശേരി കാർഷികോത്സവത്തിൽ വിപുലമായ വസ്ത്ര ശേഖരമൊരുക്കി ഖാദി ബോർഡിന്റെ സ്റ്റാൾ. മേളയിൽ ഖാദി തുണിത്തരങ്ങൾ 30 ശതമാനം റിബേറ്റിൽ ലഭിക്കും. ഈ ഓണക്കാലത്തു പ്രാദേശികമായി നെയ്തെടുത്ത വസ്ത്രങ്ങൾ കുറഞ്ഞ ചെലവിൽ ധരിക്കാനുള്ള സുവർണ്ണാവസരമാണ് ഖാദിബോർഡ് ഒരുക്കുന്നത്. ഓണം പ്രമാണിച്ചു ഖാദി ബോർഡിന്റെ എല്ലാ ഔട്ട്ലെറ്റുകളിലും 30 ശതമാനം റിബേറ്റ് ലഭിക്കുന്നു ', മു, തോർത്ത്, ചുരിദാർ ടോപ്പ്, കുട്ടിയുടുപ്പ് തുടങ്ങി സിൽക്ക് സാരീ വരെ മേളയിലെ ഖാദി സ്റ്റാളിൽ ഒരുക്കിയിട്ടു്. കുന്നുകര ഖാദി റെഡിമെയ്ഡ് യൂണിറ്റിൽ ഉത്പാദിപ്പിക്കുന്ന പാപ്പിലിയോ ബ്രാൻഡ് വസ്ത്രങ്ങളും വില്ലേജ് ഇൻഡസ്ട്രിയൽ പ്രോഡക്റ്റുകളായ ജവാദ്, നേര്യമംഗലത്ത് ഉത്പ്പാദിപ്പിക്കുന്ന തേനും സ്റ്റാളിൽ ലഭ്യമാകും.കാർഷികോത്സവത്തിന്റെ അവസാന ദിവസമായ ഓഗസ്റ്റ് 27 വരെ ജില്ലാ ഖാദി വ്യവസായ കേന്ദ്രത്തിന്റെ സ്റ്റാൾ പ്രവർത്തിക്കും. വസ്ത്രങ്ങളുടെ പ്രദർശന വിപണനത്തിനൊപ്പം തുണികൾ നെയ്യുന്നത്തിന്റെ മാതൃകയും നെയ്ത്ത് ഉപകാരണങ്ങളും ജനങ്ങൾക്കായി മേളയിൽ പ്രദർശിപ്പിച്ചിട്ടു്. കൃഷിക്കൊപ്പം കളമശേരി പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന കാർഷികോത്സവത്തിൽ പ്രാദേശികമായി വികസിപ്പിച്ച ഉത്പന്നങ്ങളുടെ 40 സ്റ്റാളുകൾ പ്രവർത്തിക്കുന്നു്.

## മാതൃയാനം പദ്ധതിക്ക് മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ തുടക്കം




**കൊച്ചി** :പ്രസവാനന്തരം അമ്മയെയും നവജാതശിശുവിനെയും വീടുകളിൽ എത്തിക്കുന്ന മാതൃയാനം പദ്ധതിക്ക് മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ തുടക്കം. ദേശീയ ആരോഗ്യ ദൗത്യവും സംസ്ഥാന ആരോഗ്യ വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. നവജാത ശിശുവിനെയും അമ്മയെയും സുരക്ഷിതമായും സൗജന്യമായും വീട്ടിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.നഗരസഭ ചെയർമാൻ പി. പി.എൽദോസ് ഫ്ലാഗ് ഓഫ് ചെയ്തു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'അമ്മയും കുഞ്ഞും' പദ്ധതിയുടെ ഭാഗമാണ് മാതൃയാനം പദ്ധതി. നേരത്തെ പ്രസവ ശേഷം യാത്രാ ചെലവിനായി 500 രൂപയാണ് നൽകിയിരുന്നത്. എന്നാൽ ആശുപത്രിയിൽ നിന്നും വീട്ടിലേക്ക് കൂടുതൽ ദൂരമുള്ള സാഹചര്യങ്ങളിൽ തുക തികയാതെ വന്നിരുന്നു. അതിനൊരു പരിഹരമാണ് മാതൃയാനം പദ്ധതി. ടാക്സി ഉടമകളും മെഡിക്കൽ കോളേജും തമ്മിലുള്ള കരാറിലാണ് പദ്ധതിയുടെ നടത്തിപ്പ്.ജില്ലയിൽ മൂവ്വാറ്റുപുഴ ജനറൽ ആശുപത്രിക്ക് പുറമെ എറണാകുളം മെഡിക്കൽ ആശുപത്രി, കളമശ്ശേരി മെഡിക്കൽ ആശുപത്രി, അങ്കമാലി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സെപ്റ്റംബർ മാസം അവസാനത്തോടെ പ്രസവ ശുശ്രൂഷകൾ നടത്തുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കുകയാണ് ലക്ഷ്യം.നഗരസഭ വൈസ് ചെയർപേഴ്സൻ സിനി ബിജു, ആശുപത്രി സൂപ്ര് ഡോ. അനിത ബാബു, ഗൈനക്കോളജി വിഭാഗം ഡോ.രാജി ബഷീർ, ജൂനിയർ കൺസൾട്ടന്റ് ഡോ. വിദ്യ ബാഹുലേയൻ, സെക്രട്ടറി നീന ചന്ദ്രൻ, നഴ്സിംങ് സൂപ്ര് എം കെ ശാന്ത, പി.ആർ.ഒ. കെ.എസ് ശ്രീരാജ് , നഗരസഭ കൗൺസിലർ നെജില ഷാജി, ആശുപത്രി ജീവനക്കാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# ബ്രഹ്മപുരം തീപിടി ത്തം: ആഘാത പഠന സർവേക്ക് തുടക്കം



**കൊച്ചി:** ബ്രഹ്മപുരം തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ സാമൂഹിക സാമ്പത്തിക ആരോഗ്യ ആഘാത പഠന സർവേക്ക് തുടക്കം. ബ്രഹ്മപുരത്തെ മാലിന്യ സംസ്കരണം ജനങ്ങളിലുണ്ടായ ആഘാതത്തെക്കുറിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഹൈക്കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിലാണ് സർവ്വേ ആരംഭിച്ചത്. സർവ്വേയുടെ ഭാഗമായി ആദ്യ സർക്കിൾ 500 മീറ്റർ കിലോമീറ്റർ ചുറ്റളവിലും, രണ്ടാമത്തേത് രണ്ട് കിലോമീറ്റർ ചുറ്റളവിലും മൂന്നാമത്തെ സർക്കിളിൽ അഞ്ച് കിലോമീറ്റർ ചുറ്റളവിലുമുള്ള പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ സാമൂഹിക പ്രശ്നങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.സർവ്വേ ആരംഭിക്കുന്നതിന് മുന്നോടിയായി ചേർന്ന യോഗത്തിൽ ഇനിയൊരു 2023 മാർച്ച് ആവർത്തിക്കാതിരിക്കാൻ എല്ലാവിധ നടപടികളും സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് പറഞ്ഞു. ഇപ്പോൾ വെയിൽ അധികമാണ്. അതിനാൽ വീണ്ടും ഒരു തീപിടിത്തം ഉണ്ടാകാതിരിക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന മാലിന്യ പ്ലാന്റിന്റെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ടൺ കണക്കിന് മാലിന്യങ്ങൾ ബ്രഹ്മപുരത്തേക്ക് കൊണ്ടുപോരുന്ന സാഹചര്യത്തിൽ നിന്നും 120 ടൺ മാലിന്യങ്ങളാണ് നിലവിൽ കൊണ്ടുപോകുന്നത്. മെയ് മാസം മുതൽ അജൈവമാലിന്യങ്ങൾ ബ്രഹ്മപുരത്തേക്ക് കൊണ്ടുപോകുന്നില്ല. സർവ്വേ നടപടികൾ മികച്ച രീതിയിൽ പൂർത്തിയാക്കാൻ എല്ലാവരുടെയും സഹകരണം വേണമെന്നും കളക്ടർ പറഞ്ഞു.രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിലാണ് സർവ്വേ നടത്തുന്നത്. ഡിപ്പാർട്ട്മെന്റിലെ 60 വിദ്യാർത്ഥികളാണ് സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നത്. പ്രദേശത്തെ 500 വീടുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കും.യോഗത്തിൽ ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ ഉഷ ബിന്ദുമോൾ, വാർഡ് കൗൺസിലർ എം ഒ വർഗീസ്, രാജഗിരി കോളേജ് സോഷ്യൽ സയൻസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ പ്രൊഫ. ഡോ മീന കുരുവിള, വിവിധ ഫ്ലാറ്റ്, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# കലാസന്ധ്യയുമായി ജില്ലാഭരണകൂടവും ഡിറ്റിപിസിയും

**കൊച്ചി:** ഓണാഘോഷത്തിന് പൊലിമ കൂട്ടാൻ സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റേയും ജില്ലാ ഭരണകൂടത്തിന്റേയും ഡിറ്റിപിസിയുടേയും സംയുക്താഭിമുഖ്യത്തിൽ വിപുലമായ മുന്നൊരുക്കങ്ങൾ.കലാസന്ധ്യയുടെ നിറവും താളമേളങ്ങളുമായി നിറപ്പകിട്ടാർന്ന അഞ്ചു ദിവസങ്ങളാണ് ഇക്കുറി ഒരുക്കിയിരിക്കുന്നത്. 'ലാവണ്യം 2023 എന്ന പേരിലാണ് ജില്ലയുടെ ഓണാഘോഷം നടക്കുക . ആഗസ്റ്റ് 27ന് എറണാകുളം ദർബാർ ഹാളിലെ വേദിയിൽ പരിപാടി ഉദ്ഘാടനം ചെയ്യും. ജില്ലയുടെ പ്രധാന കേന്ദ്രങ്ങളിൽ പെട്ട 15 വേദികളായ ഫോർട്ട് കൊച്ചി, കോലഞ്ചേരി, കോതമംഗലം, പെരുമ്പാവൂർ, പള്ളുരുത്തി, പാമ്പാക്കുട, വൈപ്പിൻ, കുമ്പളങ്ങി, മൂവാറ്റുപുഴ, കുട്ടമ്പുഴ, വൈലോപ്പിള്ളി പാർക്ക് കലൂർ, കളമശ്ശേരി, എന്നിവിടങ്ങളിലും ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ നടക്കും . 36 ലധികം കലാപരിപാടികളാണ് വിവിധ വേദികളിലായി അരങ്ങേറുന്നത്.ആഗസ്റ്റ് 27ന് വൈകിട്ട് 6 ന് ദർബാർ ഹാൾ ഓപ്പൺ എയർ തിയേറ്ററിലെ മുഖ്യ വേദിയിൽ ഓണാഘോഷത്തിന് തുടക്കം കുറിക്കും. അന്നേ ദിവസം വൈകുന്നേരം 06:30 ന് വിവിധ കലാരൂപങ്ങൾ അണിനിരക്കുന്ന ഘോഷയാത്ര അതിനു ശേഷം

COCHIN
ERNAKULAM DISTRICT TOURISM PROMOTION COUNCIL (DTPC)

തേവര 'തുമ്പപ്പൂ' നടത്തുന്ന ഓണക്കളി,കഥകളി കലാകാരിയായ എസ്.ശശികല നെടുങ്ങാടിയും സംഘവും അവതരിപ്പിക്കുന്ന കഥകളിയും മോഹിനിയാട്ടവും, ഉണ്ണിമേനോന്റെ മ്യൂസിക്കൽ ഷോ എന്നിവ അരങ്ങേറും.ആഗസ്റ്റ് 28 വൈകുന്നേരം 6ന് ശ്രീപാർവ്വതി തിരുവാതിര സംഘം അവതരിപ്പിക്കുന്ന തിരുവാതിരയും , പെർഫ്യൂം ബാൻഡ് അവതരിപ്പിക്കുന്ന ബാൻഡ് ഷോ എന്നിവ ഉണ്ടായിരിക്കും.ആഗസ്റ്റ് 29 ചൊവ്വ വൈകീട്ട് 6 ന് താന്തോന്നി തുരുത്ത് ദ്വീപ് നിവാസികളുടെ കൈക്കൊട്ടിക്കളി, തുടർന്ന് അൽ അമീൻ ആർട്ട്സ് അവതരിപ്പിക്കുന്ന സൂഫി ഡാൻസ്, പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ അവതരിപ്പിക്കുന്ന മ്യൂസിക്കൽ ബാൻഡ് ഷോ എന്നിവ അരങ്ങേറുന്നു.ആഗസ്റ്റ് 30 അവിട്ടം ദിനത്തിൽ വൈകുന്നേരം 6 ന് ഫ്രീഡം ഓൺ വീൽസ് വീൽ ചെയറിൽ ഇരിക്കുന്നവർ അവതരിപ്പിക്കുന്ന മോട്ടിവേഷണൽ ഷോ, മനോജ് ഗിന്നസ് & ടീം അവതരിപ്പിക്കുന്ന ചിരിമേളം അവതരണം നയാഗ്രാ ഇവന്റ്സ് എന്നിവ ഉണ്ടായിരിക്കുന്നതാണ്.ആഗസ്റ്റ് 31 ചതയം ദിനത്തിൽ നന്ദനം സിംഫണി അവതരിപ്പിക്കുന്ന മ്യൂസിക്കൽ ഫ്യൂഷൻ തുടർന്ന് ജാസി ഗിഫ്റ്റ് അവതരിപ്പിക്കുന്ന മ്യൂസിക് നൈറ്റ് എന്നിവ നടക്കും. തിരുവോണ ദിനമായ ആഗസ്റ്റ് 29ന് രണ്ടാമത്തെ വേദിയായ ഫോർട്ട് കൊച്ചി പള്ളത്ത് രാമൻ സാംസ്കാരിക കേന്ദ്രത്തിൽ (വെളി) പ്രശസ്ത നർത്തകിയും, സിനി ആർട്ടിസ്റ്റുമായ ലക്ഷ്മി ഗോപാലസ്വാമി അവതരിപ്പിക്കുന്ന ഡാൻസ് ഷോ നടക്കും.ആഗസ്റ്റ് 30 അവിട്ടം ദിനത്തിൽ കോഴിക്കോട് ശ്രീനിവാസൻ അവതരിപ്പിക്കുന്ന തീച്ചാമുണ്ടി തെയ്യം ഉണ്ടായിരിക്കുന്നതാണ്.ആഗസ്റ്റ് 31 ചതയം ദിനത്തിൽ നന്ദനം സിംഫണി അവതരിപ്പിക്കുന്ന മ്യൂസിക്കൽ ഫ്യൂഷൻ തുടർന്ന് ജാസി ഗിഫ്റ്റ് അവതരിപ്പക്കുന്ന മ്യൂസിക്, നൈറ്റ് ലാവണ്യം 2023 ലേക്ക് എല്ലാ പൊതുജനങ്ങൾക്കും പ്രവേശനം സൗജന്യമായിരിക്കുമെന്ന് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് അറിയിച്ചു.

# പാറപ്പുറം  വല്ലംകടവ് പാലം ഗതാഗതത്തിന് തുറന്ന് നൽകി



**കൊച്ചി:** ജന ജീവിതത്തിൽ മാറ്റം വരുത്തുന്ന പദ്ധതി എല്ലാവരെയും യോജിപ്പിച്ചു നടപ്പിലാക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. ആലുവ,  പെരുമ്പാവൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിച്ച് പെരിയാറിന് കുറുകെ നിർമ്മിച്ച പാറപ്പുറം  വല്ലം കടവ് പാലത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.കക്ഷിരാഷ്ട്രീയഭേദമന്യേയുള്ള കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് പാറപ്പുറം  വല്ലം കടവ് പാലം യാഥാർത്ഥ്യമായത്. 289.45 നീളത്തിലും 10 മീറ്റർ വീതിയിലുമായി മികച്ച രീതിയിലാണ്  പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്. എം.സി റോഡിന്  സമാന്തരമായി പ്രവർത്തിക്കുന്ന പാലം കിഴക്കൻ മേഖലകളിൽ നിന്ന് വരുന്നവർക്ക്  തിരക്കേറിയ കാലടി ടൗൺ ഒഴിവാക്കി യാത്ര ചെയ്യുന്നതിന് സൗകര്യം ഒരുക്കും. ഇടുക്കി  കോട്ടയം ജില്ലകളിൽ നിന്ന് നെടുമ്പാശ്ശേരി വിമാനത്താവളത്തിലേക്ക് എത്തുന്നവർക്ക് എളുപ്പവഴിയായി പാലം മാറും. എറണാകുളം ജില്ലക്കുള്ള ഓണസമ്മാനമാണ് പാറപ്പുറം  വല്ലം കടവ് പാലമെന്നും  അദ്ദേഹം പറഞ്ഞു. ഈ സർക്കാർ അധികാരത്തിലെത്തിയ സമയത്ത് അഞ്ചു വർഷംകൊണ്ട് നൂറു പാലങ്ങൾ എന്ന ലക്ഷ്യം നേടാനാണ് തീരുമാനിച്ചത്. മൂന്നുവർഷം കൊണ്ട് തന്നെ 50 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞു. നിർമ്മാണത്തിൽ ഇരിക്കുന്ന പ്രവർത്തനങ്ങളുടെ സ്ഥിതിഗതി  മാസത്തിൽ ഒരുതവണ ചർച്ച ചെയ്യാൻ സമിതി യോഗങ്ങൾ നടക്കുന്നുണ്ട്.  ഈ പാലം ഗതാഗതത്തിന് തുറന്നു കൊടുത്തതോടെ 69 പാലങ്ങളാണ് സംസ്ഥാനത്ത് ഒട്ടാകെ 2021 മേയ് മാസത്തിനുശേഷം പൂർത്തിയായിരിക്കുന്നത്. 2024 ഓടെ നൂറ് പാലങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.
വിദേശ മാതൃകയിൽ പാലങ്ങളെ ദീപാലംകൃതമാക്കാനും ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആക്കാനുമുള്ള പദ്ധതി പൊതുമരാമത്ത് വകുപ്പിന്റെയും വിനോദസഞ്ചാര വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കാൻ ഒരുങ്ങുകയാണ്. സ്വകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുക. പൈലറ്റ് പദ്ധതിയായി ദീപാലംകൃതമാക്കുന്നതിന് ആലുവ മണപ്പുറത്തെ നടപ്പാലവും, കോഴിക്കോട് ഫാറൂഖ് പഴയ പാലവും തിരഞ്ഞെടുത്തിട്ടുണ്ട്. പാലങ്ങളുടെ താഴെയുള്ള സ്ഥലങ്ങൾ പൊതുവിടങ്ങൾ ആക്കി മാറ്റുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുമെന്നും ഇതിനായുള്ള പരിശോധനകൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു.ചടങ്ങിൽ എൽദോസ് കുന്നപ്പിള്ളിൽ എം.എൽ.എ അധ്യക്ഷത വഹിച്ചു, ബെന്നി ബഹനാൻ എം.പി മുഖ്യാതിഥിയായി അൻവർ സാദത്ത് എം.എൽ.എ സ്വാഗതം പറഞ്ഞു.മുൻ എം.എൽ.എ സാജു പോൾ, ട്രാവൻകൂർ സിമന്റ് ലിമിറ്റഡ് ചെയർമാൻ ബാബു ജോസഫ്, ബാംബു കോർപ്പറേഷൻ ചെയർമാൻ ടി.കെ മോഹനൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിത റഹീം, പെരുമ്പാവൂർ നഗരസഭ ചെയർമാൻ ബിജു ജോൺ ജേക്കബ്, വൈസ് ചെയർപേഴ്സൺ ബീവി അബൂബക്കർ,  അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ തങ്കച്ചൻ, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേസിൽ പോൾ, ഒക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എം ഷിയാസ്, വൈസ് പ്രസിഡന്റ് പി.കെ സിന്ധു, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗ്രേസി ദയാനന്ദൻ, വൈസ് പ്രസിഡന്റ് കെ.എൻ കൃഷ്ണകുമാർ, ജില്ലാ പഞ്ചായത്ത് അംഗം ശാരദ മോഹൻ, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.വി അഭിജിത്ത്, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് അംഗം സി. ജെ ബാബു  തുടങ്ങിയവർ പങ്കെടുത്തു.

## ട്രാൻസ് ജെൻഡർ വ്യക്തികളുടെ ഓണാഘോഷം  സംഘടിപ്പിച്ചു

**കൊച്ചി:** ജില്ലാ പഞ്ചായത്ത് എറണാകുളം  അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെ സഹകരണത്തോടെ ട്രാൻസ് ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനായി നടപ്പാക്കി വരുന്ന മാരിവിൽ പദ്ധതിയുടെ ആഭിമുഖ്യത്തിൽ ഓണാഘോഷം സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് ഓണാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.എല്ലാവരെയും സമഭാവനയോടെ പരിഗണിക്കുകയെന്നതാണ് ഓണം നൽകുന്ന സന്ദേശമെന്ന് അദ്ദേഹം പറഞ്ഞു. ഓണാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച മത്സരങ്ങളുടെ സമ്മാനവിതരണവും അദ്ദേഹം നിർവഹിച്ചു. വൈറ്റില ഹബ്ബിന് സമീപമുള്ള




മാരിവിൽ  ട്രാൻസ് ജെൻഡർ ക്ലിനിക്കിൽ സംഘടിപ്പിച്ച പരിപാടിയിൽ സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അധ്യക്ഷത വഹിച്ചു. ഡോ. മേഴ്സി ജോൺ, അമിഗോസ് ട്രാൻസ്മാൻ അസോസിയേഷൻ ട്രഷറർ  അഷ്റിൻ ഇസ്ഹാക്ക് ലൂക്ക്, കെ. ഓ. മാത്യുസ്, സാൻജോ സ്റ്റീവ് എന്നിവർ സംസാരിച്ചു.

## ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി കോഴ്സിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗും സംയുക്തമായി ആരംഭിക്കുന്ന കേരള ഗവണ്മെന്റ് അംഗീകാരമുള്ള ഒരു വർഷ സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി കോഴ്സിലേക്ക് അപേക്ഷിക്കുന്നതിനുള്ള തീയതി സെപ്റ്റംബർ 8 വരെ ദീർഘിപ്പിച്ചു. അപേക്ഷകർ പ്ലസ് ടൂ/വി.എച്ച്.എസ്.ഇ/ഡിപ്ലോമ അഥവാ തത്തുല്യ യോഗ്യതയോ പാസായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യമായിരിക്കും. പഠന കാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കും. ഒ.ബി.സി./എസ്.ഇ.ബി.സി/മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 5000 രൂപ സ്റ്റൈപ്പന്റോടു കൂടിയ ഒരു വർഷം ദൈർഘ്യമുള്ള അപ്രന്റീസ്ഷിപ്പ് പരിശീലനം സിആപ്റ്റ് മുഖേന ലഭിക്കും.സർട്ടിഫിക്കറ്റ് പ്രിന്റിംഗ് ഡിപ്പാർട്ടുമെന്റിൽ ഡി.ടി.പി ഓപ്പറേറ്റർ ഗ്രേഡ് 2, ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് 2, പ്ലേറ്റ് മേക്കർ ഗ്രേഡ് 2 തസ്തികകളിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം ലഭിക്കുന്നതിന് സർക്കാർ അംഗീകരിച്ചിട്ടു.അപേക്ഷാ ഫോറം 100 രൂപയ്ക്ക് സെന്ററിൽ നിന്നും നേരിട്ടും മണി .ഓർഡറായി 130 രൂപ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഗവ. എൽ.പി.എസ്. കാമ്പസ്, തോട്ടക്കാട്ടുകര എന്ന വിലാസത്തിൽ തപാലിലും/വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷ മാനേജിംഗ് ഡയറക്ടർ, സിആപ്റ്റിന്റെ പേരിൽ മാറാവുന്ന 100/ രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതവും അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് 04842605322, 9605022555 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.പൂരിപ്പിച്ച അപേക്ഷ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ (വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം) കോപ്പികൾ സഹിതം ലഭിക്കേ അവസാന തീയതി സെപ്റ്റംബർ 8.

## അതിഥി അധ്യാപക ഒഴിവ്

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിലെ സംഗീത വിഭാഗത്തിൽ അതിഥി അധ്യാപക ഒഴിവ്. യോഗ്യത : സംഗീത വിഷയത്തിൽ ബിരുദാനന്തര ബിരുദം പി.എച്ച്.ഡി/നെറ്റ് ഉള്ളവർക്ക് മുൻഗണന. പ്രവൃത്തിപരിചയം അഭിലഷണീയം .  യോഗ്യതയുള്ളതും എറണാകുളം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപ മേധാവിയുടെ കാര്യാലയത്തിലെ ഗസ്റ്റ് ലക്ച്ചറർ പാനലിൽ രജിസ്റ്റർ ചെയ്തവരുമായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ, സർട്ടിഫിക്കറ്റുകളുടെ ഒരു സെറ്റ് പകർപ്പ് എന്നിവ സഹിതം സെപ്റ്റംബർ 14 ന രാവിലെ 11 നു നേരിട്ട് പ്രിൻസിപ്പൽ ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് ***.ാമവമൃമഷമ.മര.ശി. സന്ദർശിക്കുക.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:**വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള കോതമംഗലം (അഡിഷണൽ) ഐ.സി.ഡി.എസ്. പ്രൊജക്റ്റ് ഓഫീസിലെ ഉപയോഗത്തിനായി 202324 സാമ്പത്തിക വർഷം സെപ്റ്റംബർ മാസം മുതൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് വ്യക്തികളിൽ നിന്ന് ടെൻഡറുകൾ ക്ഷണിച്ചു. റീ ടെൻഡർ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 നും വൈകിട്ട് 5 നും ഇടയിൽ കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗിൽ പ്രവർത്തിക്കുന്ന കോതമംഗലം (അഡിഷണൽ) ശിശുവികസന പദ്ധതി ഓഫിസിൽ നിന്നും ലഭിക്കും. ( ഫോൺ 0485  2828161, 9447830178).  ടെൻഡർ സ്വീകരിക്കുന്ന അവസാന തിയതി സെപ്റ്റംബർ 4.ഉച്ചയ്ക്ക് 2.

## താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഫിസിഷ്യൻ അസിസ്റ്റന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നതിനായി വാക്ഇൻഇൻറർവ്യൂ സെപ്റ്റംബർ 4 ന് രാവിലെ 11 ന് നടത്തും. താത്പര്യമുള്ള  ഉദ്യോഗാർഥികൾ അഭിമുഖത്തിന് സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പ് സഹിതം ആശുപത്രി സൂപ്രിൻറെ ഓഫീസിൽ ഹാജരാകണം. ഡോക്ടർ : യോഗ്യത എം.ബി.ബി.എസ്, വിത്ത് ടിസിഎംസി രജിസ്ട്രേഷൻ. സ്റ്റാഫ് നഴ്സ് :  ബി.എസ്.സി നഴ്സിംഗ്/ജിഎൻഎം, വിത്ത് നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ. ഫിസിഷ്യൻ അസിസ്റ്റൻറ് : യോഗ്യത അംഗീകൃത സർവകലാശാലകളിൽ നിന്നുള്ള ബി.എസ്.സി ഇൻ ഫിസിഷ്യൻ അസിസ്റ്റ്ൻറ് കോഴ്സ് അല്ലെങ്കിൽ ലൈഫ് സയൻസിലുള്ള ഡിഗ്രി/ഡിപ്ലോമ, കാർഡിയോളജിയിൽ ഫിസിഷ്യൻ അസിസ്റ്റൻറായി പ്രവൃത്തി പരിചയം.

# ഭിന്നശേഷിക്കാർക്ക് ചികിത്സ നിരക്കിളവുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി




**കൊച്ചി:** ഭിന്നശേഷിക്കാർക്ക് കൈത്താങ്ങുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി. അരക്ക് താഴെ ഭാഗികമായി തളർന്ന് വീൽചെയറിൽ കഴിയുന്നവർക്ക്  ചികിത്സ നിരക്കിൽ ഇളവ് നൽകുന്ന പദ്ധതിക്ക് തുടക്കമായി. ചോറ്റാനിക്കര ശോഭ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ അനസ്തേഷ്യോളജി ആന്റ് ക്രിട്ടിക്കൽ കെയർ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സുരേഷ് ജി നായർ  പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.നട്ടെല്ലിന് പരിക്കേറ്റതിനെ തുടർന്ന് വീൽചെയറിൽ കഴിയുന്ന ഭിന്നശേഷിക്കാരുടെ സംഘടനയായ ഓൾ കേരള വീൽചെയർ റൈറ്റ്സ് ഫെഡറേഷനുമായി (എ. കെ. ഡബ്ല്യു. ആർ. എഫ്) ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. സംഘടനയിലെ 100 പേർക്ക് ആസ്റ്റർ മെഡ്സിറ്റിയിൽ ഇൻ പേഷ്യന്റ്, ഔട്ട് പേഷ്യന്റ് കൺസൾട്ടേഷൻ ഉൾപ്പെടെയുള്ള ചികിത്സക്ക് 30 ശതമാനം നിരക്കിളവ് നൽകുന്നതാണ് പദ്ധതി. ഇതോടൊപ്പം ചികിത്സക്ക് ശേഷമുള്ള പോസ്റ്റ് ഓപ്പറേറ്റീവ് റീഹാബിലിറ്റേഷൻ സേവനങ്ങൾക്ക് കോതമംഗലം പീസ് വാലി ഫൗണ്ടേണ്ടേഷനിൽ സൗകര്യമൊരുക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു.വ്യാഴാഴ്ച ഓണസദ്യയോടെയായിരുന്നു പരിപാടി സംഘടിപ്പിച്ചത്. തുടർന്ന് നടന്ന ചടങ്ങിൽ ഇളവ് ലഭിക്കുന്നതിനുള്ള 'ആസ്റ്റർ എബിലിറ്റി കാർഡുകൾ' വിതരണം ചെയ്തു. ആസ്റ്റർ ഡി.എം ഹെൽത്ത് കെയറിന്റെ ഭാഗമായി സന്നദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ആസ്റ്റർ വോളണ്ടിയേഴ്സിന്റെ ഭിന്നശേഷിക്കാർക്കുള്ള ശാക്തീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നത്. ഭിന്നശേഷിക്കാർക്ക്  ഏത് സാഹചര്യത്തിലും ഏറ്റവും മികച്ച ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചതെന്നും എ.കെ.ഡബ്ല്യു.ആർ.എഫുമായി സഹകരിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസീൻ പറഞ്ഞു.ചടങ്ങിൽ ഫർഹാൻ യാസീൻ, ആസ്റ്റർ ഡി.എം ഫൗണ്ടേഷൻ അസി. ജനറൽ മാനേജർ ലത്തീഫ് കാസിം, ഓൾ കേരള വീൽ ചെയർ റൈറ്റ്സ് ഫെഡറേഷൻ സംസ്ഥാന  സെക്രട്ടറി രാജീവ് പള്ളുരുത്തി, പീസ് വാലി ചെയർമാൻ പി.എം.അബൂബക്കർ തുടങ്ങിയവർ പങ്കെടുത്തു.

# സ്പിന്നിയുടെ മൂന്നാമത്തെ പാർക്ക് കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യയിൽ സമ്പൂർണമായ കാർ വാങ്ങൽ, വിൽക്കൽ സംവിധാനങ്ങൾ ലഭ്യമാക്കുന്ന സ്പിന്നി മൂന്നാമത്തെ സ്പിന്നി പാർക്ക് കൊച്ചിയിൽ തുറന്നു. കൊച്ചിസേലം ദേശീയ പാതയിൽ ഇടപ്പള്ളിയിൽ മെട്രോ പില്ലർ 375നു സമീപമായാണ് ഇത്തരത്തിലുള്ള ആദ്യത്തെ എക്സ്പിരിമെൻറൽ ഹബ്ബ് ആരംഭിക്കുന്നത്. വിപുലമായ അത്യാധുനിക ഹാൻഡ് പിക്ക്ഡ് കാറുകളുടെ ശേഖരവുമായി  നഗരത്തിലെ ഉപഭോക്താക്കളുടെ കാർ വാങ്ങൽ അനുഭവങ്ങളെ പുതിയ തലത്തിലേക്ക് ഉയർത്തുന്നതാണ് ഈ പാർക്ക് ലക്ഷ്യമിടുന്നത്. വൈവിധ്യമാർന്ന വാഹനങ്ങൾ പാർക്കു ചെയ്യാനുള്ള ഒരു ഏക്കറോളം സ്ഥലത്താണ് വിപുലമായ  സൗകര്യത്തോടു കൂടിയ ഈ പുതിയ പാർക്ക്. 200ൽ ഏറെ സ്പിന്നി അഷ്വേർഡ് കാറുകളും സ്പിന്നി മാക്സ് പ്രീഓൺഡ് ലക്ഷ്വറി കാറുകളും ഇവിടെയുാകും. സന്ദർശകർക്ക് ഒരു തുറന്ന പശ്ചാത്തലത്തിൽ സ്വാതന്ത്ര്യത്തോടെ കാർ തെരഞ്ഞെടുക്കാനും ടെസ്റ്റ് ഡ്രൈവുകൾ നടത്താനും ഇതു സൗകര്യമൊരുക്കുന്നു.പ്രത്യേകമായി തെരഞ്ഞെടുത്ത 200ൽ ഏറെ കാറുകളുടെ ശേഖരത്തോടെ ടെസ്റ്റ് ഡ്രൈവിനും തങ്ങളുടെ താൽപര്യമനുസരിച്ചുള്ള കാർ സ്വന്തമാക്കുന്നതിനും വേിയുള്ള മികച്ച അവസരമായിരിക്കും ഈ പാർക്ക് നൽകന്നതെന്നും സ്പിന്നി സ്ഥാപകനും സിഇഒയുമായ നീരജ് സിങ് പറഞ്ഞു. സ്പിന്നിക്ക് രാജ്യവ്യാപകമായി 57ൽ ഏറെ കാർ ഹബ്ബുകളാണുള്ളത്. 20,000ൽ ഏറെ കാറുകൾ ഇവിടെ മൊത്തത്തിൽ പാർക്കു ചെയ്യാനുള്ള സൗകര്യവുമു്. തങ്ങളുടെ പതാക വാഹക, ഇന്ത്യയിലെ ഏറ്റവും വലുതുമായ ഹബ് കഴിഞ്ഞ വർഷമാണ് ബെംഗലൂരുവിൽ ആരംഭിച്ചത്. 2023ൻറെ ആദ്യ ത്രൈമാസത്തിൽ പൂനെയിലും മറ്റൊരു സ്പിന്നി പാർക്ക് ആരംഭിച്ചിരുന്നു.

# നൂതന പ്രൊജക്റ്റുകളുമായി യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജ്



**ഇരിഞ്ഞാലക്കുട:** ഇരിഞ്ഞാലക്കുട വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജ് അവസാന വർഷ വിദ്യാർത്ഥികളുടെ പ്രൊജക്റ്റ് പ്രദർശനം സംഘടിപ്പിച്ചു. പ്രോജക്ടുകളുടെ പ്രദര്ശനം പ്രിൻസിപ്പാൾ ഡോ ജോസ് കെ ജേക്കബ് ഉദ്ഘാടനം ചെയ്തു. പി ജി ഡീൻ ഡോ ജോബിൻ എം.വി, വർക്ക്ഷോപ്പ് സൂപ്രണ്ട് കെ കെ അബ്ദുൾ റസ്സാക്ക് എന്നിവർ പ്രസംഗിച്ചു. പ്രകൃതിദത്ത ചേരുവകൾ കൊണ്ടുള്ള ഇഷ്ടികയ്ക്ക് ക്ഷാമം നേരിടുമ്പോൾ മികച്ച കംപ്രസ്സിവ് സ്ട്രെങ്ത്ത്, ജല ആഗിരണം തുടങ്ങിയ സവിശേഷതകളോടെ വസ്ത്ര മാലിന്യങ്ങളും കളിമണ്ണും നിശ്ചിത അനുപാതത്തിൽ കൂട്ടിക്കലർത്തി വേവിച്ച ഇഷ്ടിക നിർമിക്കുന്ന പ്രൊജക്റ്റാണ് അവസാന വർഷ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ അവതരിപ്പിച്ചത്. മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ വികസിപ്പിച്ചെടുത്ത വയർലെസ്സ് ഇലക്ട്രിക്ക് ചാർജിങ് സിസ്റ്റമാണ് പ്രദർശനത്തിൽ ശ്രദ്ധയാകർഷിക്കുന്ന മറ്റൊരു പ്രൊജക്റ്റ്. ഓട്ടോമാറ്റിക് പേഷ്യന്റ് ട്രാൻസ്ഫെറിങ് സ്ട്രെച്ചർ, സിംഗിൾ പ്ളേലോയ്ഡ് ഡ്രോൺ ,വൈദ്യുത വിശ്ളേഷണത്തിലൂടെ സമുദ്ര ജലത്തിലെ ഹൈഡ്രജൻ നീക്കം ചെയ്ത് ജലം ശുദ്ധീകരിക്കുന്ന റിവേഴ്സ് ഓസ്മോസിസ് സംവിധാനം, മെഷീൻ ലേണിങ്ങ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇമേജിങ്ങ് പ്രോസസിങ്ങിലൂടെ  റെയിൽവേ ട്രാക്കിലെ തടസങ്ങൾ മുൻകൂട്ടി അറിയിച്ച് സുരക്ഷ മെച്ചപ്പെടുത്തുവാനുള്ള ട്രെയിൻ കൊളീഷൻ സംവിധാനം തുടങ്ങിയവയും പ്രദർശനത്തിന്റെ ഭാഗമായിരുന്നു. ഒന്നിലധികം പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവ ഒരു പോർട്ടബിൾ യൂണിറ്റിലേക്ക് സംയോജിപ്പിച്ച് റിച്ചാർജ് ചെയ്യാവുന്ന ഏ.സി, ഡി.സി വൈദ്യുതി ഉൽപാദിപ്പിക്കുന്ന മോഡുലാർ ഹൈബ്രിഡ് സോളാർവിൻഡ് പവർ പ്ലാന്റും പ്രദർശനത്തിലുണ്ടായിരുന്നു. ദുരന്ത നിവാരണ, സൈനിക വിദൂര സൈറ്റുകളിൽ ഇത്തരം പോർട്ടബിൾ യൂണിറ്റുകൾക്ക് ഏറെ ഉപയോഗമാണുള്ളത്. രണ്ടു പേർക്ക് സുരക്ഷിതമായി സഞ്ചരിക്കാവുന്ന നാലു ചക്ര ഇലക്ട്രിക് ബഗ്ഗികൾക്ക് ആവശ്യക്കാർ വർദ്ധിക്കാൻ ഇടയുണ്ടെന്ന് മനസ്സിലാക്കി ഉയർന്ന ക്ഷമതയുള്ള സൗരോർജ്ജ ബാറ്ററി ഘടിപ്പിച്ച ഇലക്ട്രിക് ബഗ്ഗികളും പോർട്ടബിൾ സോളാർ പവർ പ്ലാന്റുമാണ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് വിദ്യാർത്ഥികൾ അവതരിപ്പിച്ചത്. തലച്ചോറിലോ തലയോട്ടിയിലോ ഉള്ള ബ്രയിൻ ട്യൂമറുകളുടെ അവസ്ഥ കൃത്രിമബുദ്ധി ഉപയോഗിച്ച് നിർണ്ണയിക്കാനുള്ള കമ്പ്യൂട്ടർ എയ്ഡഡ് ഡയഗ്നോസിങ് സിസ്റ്റം, കുട്ടികളുടെ പഠനവൈകല്യം കണ്ടെത്താനുള്ള ഡീപ് ലേണിംഗ് സിസ്റ്റം എന്നിവയും ആരോഗ്യരംഗത്ത് നവ തരംഗങ്ങൾ സൃഷ്ടിക്കുവാൻ ഉതകുന്നതാണ് .

# 200ാമത് ശാഖയുമായി ഐസിഐസിഐ ബാങ്ക്




**കൊച്ചി:** ഐസിഐസിഐ ബാങ്കിന്റെ കേരളത്തിലെ ഇരുന്നൂറാമത് ശാഖ ആലുവ കമ്പനിപ്പടിയിൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ രാകേഷ് ഝാ ഉദ്ഘാടനം ചെയ്തു.  24 മണിക്കൂറും പ്രവർത്തിക്കുന്ന എടിഎംക്യാഷ് റീസൈക്ലർ മെഷീനും (സിആർഎം) ശാഖയോട് അനുബന്ധിച്ചു്.ഉത്സവ സീസണിൻറെ തുടക്കത്തിൽ തന്നെ പുതിയ ശാഖ ആരംഭിക്കുന്നതിൽ സന്തോഷമുന്നെ് ശാഖ ഉൽഘാടനം ചെയ്തു കൊ് ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ രാകേഷ് ഝാ പറഞ്ഞു. 200ാമത് ശാഖ നഗരത്തിലെ ജനങ്ങൾക്ക് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും വാഗ്ദാനം ചെയ്യുന്നു. കേരളത്തിലെ തങ്ങളുടെ ശാഖകളിൽ 70 ശതമാനവും ചെറുപട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലൂമാണെന്നും അദ്ദേഹം ചൂിക്കാട്ടി.അക്കൗുകൾ, നിക്ഷേപങ്ങൾ, വായ്പകൾ, സേവിംഗ്സ് & കറൻറ് അക്കൗുകൾ, ട്രെയ്ഡ്, ഫോറെക്സ് സേവനങ്ങൾ, സ്ഥിര, റിക്കറിങ് നിക്ഷേപ സൗകര്യങ്ങൾ, ബിസിനസ്സ്, ഭവന, വാഹന, സ്വർണ, വ്യക്തിഗത വായ്പകൾ, കാർഡ് സേവനങ്ങൾ, എൻആർഐ ഇടപാടുകൾ എന്നിവയടക്കം സമഗ്രമായ ബാങ്കിങ് സേവനം ബ്രാഞ്ചിൽ ലഭ്യമാണ്. ഇടപാടുകാർക്ക് ലോക്കർ സൗകര്യവും ബാങ്ക് ലഭ്യമാക്കിയിട്ടു്. തിങ്കൾ മുതൽ വെള്ളിവരെ 9.30 മുതൽ 3.00 വരെയും മാസത്തിലെ ആദ്യത്തെയും മൂന്നാമത്തെയും അഞ്ചാമത്തെയും ശനിയാഴ്ചകളിലും ഇടപാടുകാർക്ക് ബാങ്ക് സേവനങ്ങൾ ലഭ്യമാക്കുന്നു.ഉപഭോക്താക്കൾക്ക് ഫിക്സഡ് ഡിപ്പോസിറ്റ് (എഫ്ഡി), ചെക്ക് ബുക്ക് അപേക്ഷകൾ, ഇസ്റ്റേറ്റ്മെൻറുകൾ ജനറേഷൻ, വിലാസം മാറ്റം എന്നിവ ഉൾപ്പെടെ നൂറോളം സേവനങ്ങൾക്ക് ബ്രാഞ്ച് ടാബ് ബാങ്കിംഗ് സൗകര്യം നൽകുന്നു. മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, കാഴ്ച വൈകല്യമുള്ളവർ എന്നിവർക്ക് യാതൊരു നിരക്കും ഈടാക്കാതെ തന്നെ ബ്രാഞ്ച് ഡോർസ്റ്റെപ്പ് ബാങ്കിംഗ് സേവനങ്ങൾ നൽകുന്നു. സേവനങ്ങളുടെ പട്ടികയിൽ ക്യാഷ് പിക്കപ്പ്/ഡെപ്പോസിറ്റ് പോലുള്ള സാമ്പത്തിക സേവനങ്ങൾ, പിൻവലിക്കലിനുള്ള ക്യാഷ് ഡെലിവറി, കെവൈസി സബ്മിഷൻ, ലൈഫ് സർട്ടിഫിക്കറ്റ് മുതലായവ പോലുള്ള സാമ്പത്തികേതര സേവനങ്ങൾ എന്നിവ ഉൾപ്പെടുന്നു.ബാങ്കിന് നിലവിൽ 6074 ശാഖകളും 16,731 എടിഎമ്മുകളും ഉന്നൊണ് 2023 ജൂൺ 30ലെ കണക്കുകൾ സൂചിപ്പിക്കുന്നത്

# ഓണത്തിന് 'വീട് വണ്ടി സ്വർണം' ഓഫറുമായി ടാറ്റാ ടീ കണ്ണൻ ദേവൻ

**കൊച്ചി:** കേരളത്തിലെ പ്രമുഖ തേയില ബ്രാൻഡായ ടാറ്റ ടീ കണ്ണൻ ദേവൻ, ഓണത്തിനോടനുബന്ധിച്ച് 'വീട് വണ്ടി സ്വർണം' ഓഫർ അവതരിപ്പിച്ചു. ഉപയോക്താക്കൾക്ക് വൻ സമ്മാനപദ്ധതികളാണ് ടാറ്റാ ടീ വീട് വണ്ടി സ്വർണം ഓഫറിലൂടെ വാഗ്ദാനം ചെയ്യുന്നതെന്ന് ടാറ്റാ കൺസ്യൂമർ പ്രോഡക്റ്റ്സിൻറെ ഇന്ത്യ ആൻഡ് സൗത്ത് ഏഷ്യ പാക്കേജ്ഡ് ബെവറിജസ് പ്രസിഡൻറ് പുനീത് ദാസ്ഗുപ്ത വ്യക്തമാക്കി. വിജയികളാകുന്നവർക്ക് 2 ബെഡ്റൂം വീട് മെഗാ സമ്മാനമായി നേടാനാണ് അവസരമൊരുങ്ങുന്നത്.കഴിഞ്ഞ വർഷം കമ്പനി അവതരിപ്പിച്ച 'വീട് വണ്ടി സ്വർണം' പദ്ധതി വൻ വിജയമായിരുന്നു. ഈ വർഷവും ആ ആവേശം കൂടുതൽ ഗംഭീരമായി തിരിച്ചെത്തുകയാണ്. ഓഫറിൻറെ ഭാഗമായി ഉപഭോക്താക്കൾക്ക് ലിമിറ്റഡ് എഡിഷൻ ടാറ്റ ടീ കണ്ണൻ ദേവൻ ഓണം പായ്ക്കുകൾ വാങ്ങാനും ആകർഷകമായ സമ്മാനങ്ങൾ നേടാനും കഴിയും. 2 ബെഡ്റൂം വീടിന് പുറമേ ടാറ്റ ഹാരിയർ കാറും 300 ലധികം സ്വർണ്ണ നാണയങ്ങളും ഉൾപ്പെടെയുള്ള ആകർഷകമായ സമ്മാനങ്ങളാണ് ഉപയോക്താക്കൾക്കായി ഒരുക്കിയിരിക്കുന്നതെന്നും പുനീത് ദാസ്ഗുപ്ത വ്യക്തമാക്കി.സമ്മാനങ്ങൾ നേടാനുള്ള അവസരം ക്യു ആർ കോഡ് സ്കാൻ അല്ലെങ്കിൽ മിസ്ഡ് കോൾ രീതിയിലൂടെ ഉപഭോക്താക്കൾക്ക് ലഭിക്കും. ഓഫർ പായ്ക്കിൽ സൂചിപ്പിച്ചിരിക്കുന്ന നമ്പറിലേക്ക് ഒരു മിസ്ഡ് കോൾ നൽകുമ്പോൾ പാക്കിനുള്ളിൽ സൂചിപ്പിച്ചിരിക്കുന്ന ഒരു സവിശേഷ കോഡ് പങ്കിടാൻ മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു വാട്ട്സ്ആപ്പ് സന്ദേശം സ്വീകരിക്കാനും കഴിയും. ക്യുആർ കോഡ് സ്കാനിംഗ് രീതി തിരഞ്ഞെടുക്കുന്ന ഉപഭോക്താക്കൾ ഓഫർ പാക്കിലെ ക്യുആർ കോഡ് സ്കാൻ ചെയ്യേണ്ടതുണ്ട്. അത് ഒരു പ്രത്യേക വാട്ട്സ്ആപ്പ് പേജിലേക്ക് നയിക്കും. പാക്കിനുള്ളിൽ സൂചിപ്പിച്ചിരിക്കുന്ന കോഡ് ഇവിടെ നൽകിമ്പോൾ സമ്മാനങ്ങൾ നേടാനുള്ള അവസരമാകും.ഓണത്തിന് കേരളത്തിലെ ഉപയോക്താക്കൾക്ക് വമ്പൻ ഓഫറുകൾ ഒരുക്കുന്നതിൽ കമ്പനി ഏറെ ആവേശത്തിലാണെന്ന് പുനീത് ദാസ്ഗുപ്ത വ്യക്തമാക്കി. ഓണത്തിൻറെ സത്തയും അത് സൂചിപ്പിക്കുന്ന സാംസ്കാരിക അഭിമാനവും ആഘോഷിക്കുന്നതിൽ ടാറ്റ കൺസ്യൂമർ പ്രോഡക്ട്സിന് ആഴത്തിൽ വേരൂന്നിയ പ്രതിബദ്ധതയുണ്ട്. ഞങ്ങളുടെ ഉപഭോക്താക്കൾക്ക് അവിസ്മരണീയ നിമിഷങ്ങൾ സൃഷ്ടിക്കാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയാണ് 'വീട് വണ്ടി സ്വർണ്ണം' കാമ്പെയിനിൽ പ്രതിഫലിക്കുന്നത്. ഓണം സമൃദ്ധിയുടെയും ഐശ്വര്യത്തിൻറെയും ആഘോഷമാണ്. ഒരു വീട്, കാർ അല്ലെങ്കിൽ സ്വർണ്ണം നേടാനുള്ള അവസരം ശരിക്കും ആഘോഷത്തിൻറെ ചൈതന്യവുമായി ചേർന്ന് പോകുന്നതാണ്. ഓണാഘോഷത്തിൻറെ ഭാഗമാകാൻ കഴിയുന്നതിൽ ഏറെ അഭിമാനം കൊള്ളുന്നുവെന്നും പുനീത് ദാസ്ഗുപ്ത പറഞ്ഞു.കഴിഞ്ഞ വർഷത്തെ വീടു ജേതാവായ ശ്രീലേഖ എസ് തൻറെ നന്ദിയും കടപ്പാടും ഈയവസരത്തിൽ പങ്കുവച്ചു. ഓണം കാമ്പയിൻ ശരിക്കും തൻറെ ജീവിതം തന്നെ മാറ്റിമറിച്ചതായി ഇവർ വെളിപ്പെടുത്തി. 'വീട് വണ്ടി സ്വർണ്ണം' ഓഫറിൽ വിജയിയായത് തന്നെ സംബന്ധിച്ചിടത്തോളം ഒരു സ്വപ്ന സാക്ഷാത്കാരമായിരുന്നുവെന്നും ടാറ്റാ ടീ കണ്ണൻ ദേവൻ തൻറെ ജീവിതത്തിൽ വൻ മാറ്റമാണ് കൊണ്ടുവന്നതെന്നും ശ്രീലേഖ പറഞ്ഞു.ഓണം പ്രതിനിധീകരിക്കുന്ന പാരമ്പര്യം, ഭാഗ്യം, സമൃദ്ധി എന്നിവയുടെ സത്ത ഉൾക്കൊള്ളുന്നതാണ് ടാറ്റ ടീ കണ്ണൻ ദേവൻറെ 'വീട് വണ്ടി സ്വർണ്ണം' കാമ്പെയിൻ. ഉപഭോക്താക്കളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക തനിമ സ്വീകരിക്കുന്നതിനും ഈ ഉത്സവത്തിൻറെ സന്തോഷകരമായ ആഘോഷങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ബ്രാൻഡിൻറെ പ്രതിബദ്ധത ഈ കാമ്പെയിൻ ഉൾക്കൊള്ളുന്നു.




# കേന്ദ്രീയ പൊലീസ് കല്യാൺ ഭണ്ഡാറുമായി കൈകോർത്ത് ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** കേന്ദ്രീയ പൊലീസ് കല്യാൺ ഭണ്ഡാറുമായി കൈകോർത്ത് രാജ്യത്തെ ഏറ്റവും വലിയ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോഴ്സ്. പാരമിലിട്ടറി സേനയിലെയും സംസ്ഥാന പൊലീസ് വകുപ്പിലെയും ഉദ്യോഗസ്ഥർക്കും അവരുടെ കുടുംബങ്ങൾക്കും ഇലക്ട്രിക് വാഹനങ്ങൾ പ്രത്യേക നിരക്കിൽ തിരഞ്ഞെടുക്കാൻ അവസരമൊരുക്കുകയാണ് പുതിയ പങ്കാളിത്തത്തിലൂടെ ടാറ്റ മോട്ടോഴ്സും കെപികെബിയും. പങ്കാളിത്തത്തിന്റെ ഭാഗമായി ടാറ്റ മോട്ടോഴ്സിന്റെ ഇലക്ട്രോണിക് വാഹന നിരയിലെ ടിയാഗോ ഇവി, ടിഗോർ ഇവി, നെക്സോൺ ഇവി പ്രൈം, നെക്സോൺ ഇവി മാക്സ് തുടങ്ങിയ വാഹനങ്ങൾ കെപികെബിയുടെ ഭാഗമായ എല്ലാവർക്കും പ്രത്യേക നിരക്കിൽ സ്വന്തമാക്കാവുന്നതാണെന്ന് കമ്പനി അധികൃതർ പറഞ്ഞു.നിലവിൽ ജോലി ചെയ്യുന്നതും വിരമിച്ചതുമായ വിവിധ സേനാംഗങ്ങളുടെ ക്ഷേമ പരിപാടിയുടെ ഭാഗമായാണ് 2006 സെപ്റ്റംബർ 18ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം കേന്ദ്രീയ പൊലീസ് കല്യാൺ ഭണ്ഡാർ ആരംഭിക്കുന്നത്. റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് (ആർപിഎഫ്), ഇന്റലിജൻസ് ബ്യൂറോ (ഐബി), സ്പെഷ്യൽ പ്രൊട്ടക്ഷൻ ഫോഴ്സ് (എസ്പിജി), നാഷ്ണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ (എൻസിആർബി), നാഷ്ണൽ ഇൻവസ്റ്റിഗേഷൻ ഏജൻസി (എൻഐഎ), ഇൻഡോടിബറ്റൻ ബോർഡർ പൊലീസ് (ഐടിബിപി), സെൻട്രൽ റിസർവ് പൊലീസ് ഫോഴ്സ് (സിആർപിഎഫ്), ശാസ്ത്ര സീമ ബാൽ (എസ്എസ്ബി), സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (സിഐഎസ്എഫ്), ബോർഡർ സെക്യൂരിറ്റി ഫോഴ്സ് (ബിഎസ്എഫ്), അസം റൈഫിൾസ്, സംസ്ഥാന പൊലീസ് വകുപ്പുകൾ എന്നിവ കെപികെബിയിൽ ഉൾപ്പെടുന്നു. നിലവിൽ കെപികെബിക്ക് 119 മാസ്റ്റർ കാന്റീനുകളും 1800ലധികം സബ്സിഡ്യറി കാന്റീൻസുമുണ്ട്. ഇത്തരം കാന്റീനുകൾ വഴി വിവിധ ട്രൂപ്പുകൾക്കും കുടുംബങ്ങൾക്കും സാധനങ്ങൾ വിൽപ്പന ചെയ്യുന്നു.



ഓഫറുകൾ സംബന്ധിച്ച് കൂടുതൽ അറിയുന്നതിനും കാറുകൾ വാങ്ങുന്നതിനും അടുത്തുള്ള ടാറ്റ ഡീലർഷിപ്പിൽ ഫോണിൽ ബന്ധപ്പെടുക അല്ലെങ്കിൽ https://ev.tatamotors.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## രണ്ട് ലക്ഷം ആളുകൾ ഫോറം മാൾ സന്ദർശിച്ചു



**കൊച്ചി:** പ്രസ്റ്റീജ് ഗ്രൂപ്പ് കൊച്ചിയിലെ മരടിൽ ആരംഭിച്ച ഫോറം മാളിൻറെ ഉദ്ഘാടനം കഴിഞ്ഞ് ര് ദിവസത്തിനുള്ളിൽ ര് ലക്ഷത്തിൽ പരം ആളുകൾ മാൾ സന്ദർശിച്ചതായി കമ്പനി സി ഇ ഒ വി. മുഹമ്മദ് അലി അറിയിച്ചു.ലോകത്തെ മുൻനിര പ്രീമിയം ഉൽപ്പന്നങ്ങളുടെ സാന്നിധ്യംകൊ് സമ്പന്നമായ ഇവിടം സന്ദർശിച്ചവരുടെ എണ്ണത്തിൽ മുൻപന്തിയിൽ കുടുംബസമേതം എത്തിയവരാണ്. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽനിന്നുപോലും ധാരാളംപേർ മാളിൽ എത്തുന്നു്. ഇവിടെ വന്നു പോകുന്ന സന്ദർശകരിൽ ഭൂരിഭാഗവും ഫീഡ്ബാക്ക് ബുക്കിൽ അവരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുന്നുയെന്നതും വളരെ ശ്രദ്ധേയമാണ്. ലഭിച്ച അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ മാളിലെ പാർക്കിംഗ്, ചുറ്റുമുള്ള വഴികളിലെ ട്രാഫിക് പ്രശ്നങ്ങൾ എന്നിവയ്ക്ക് ഏറ്റവും മികച്ച രീതിയിൽ ഉടനടി പരിഹാരം കാണുന്നതിന് ഞങ്ങൾ പ്രതിജ്ഞാ ബദ്ധനാണെന്നും കേരളത്തിലെ ഏറ്റവും വലിയ വാണിജ്യ സമുച്ചയങ്ങളിൽ ഒന്നായ പ്രസ്റ്റീജ് ഗ്രൂപ്പിൻറെ ഈ സംരംഭത്തെ ഇരു കൈകളും നീട്ടി സ്വീകരിച്ച കേരളത്തിലെ ജനങ്ങളോട് നന്ദിയും സന്തോഷവും അറിയിക്കുന്നതായും അദ്ദേഹം പറഞ്ഞു. എൻ എച്ച് 66 ൽ 10 ഏക്കറിൽ അഞ്ച് നിലകളിലായി 10,60,000 ചതുരശ്ര അടികളിൽ നിർമ്മിച്ചിരിക്കുന്ന ഫോറം കൊച്ചി സ്ഥാനത്തെ ഏറ്റവും വലിയ രാമത്തെ മാളാണ്.

## റിലയൻസ് റീട്ടെയിൽ 8,278 കോടി രൂപ നിക്ഷേപിക്കാനൊരുങ്ങി ഖത്തർ

**കൊച്ചി/മുംബൈ:** റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ റിലയൻസ് റീട്ടെയിൽ വെഞ്ചേഴ്സ് ലിമിറ്റഡിൽ ('ആർആർവിഎൽ') ഖത്തർ ഇൻവെസ്റ്റ്മെന്റ് അതോറിറ്റി ('ക്യുഐഎ') 8,278 കോടി രൂപ നിക്ഷേപിക്കുമെന്ന് പ്രഖ്യാപിച്ചു. ഈ നിക്ഷേപം റിലയൻസ് റീട്ടെയിലിന്റെ ന്റെ പ്രീമണി ഓഹരി മൂല്യം ? 8.278 ലക്ഷം കോടിയാക്കി. ഈ നിക്ഷേപത്തിലൂടെ ആർആർവിഎല്ലിന്റെ 0.99% ഓഹരികൾ ക്യുഐഎയുടെ സ്വന്തമാകും. വിവിധ ആഗോള നിക്ഷേപകരിൽ നിന്ന് 2020ൽ ആർആർവിഎൽ നടത്തിയ ഫ് സമാഹരണം മൊത്തം 47,265 കോടി രൂപയായിരുന്നു. റിലയൻസ് റീട്ടെയിൽ വെഞ്ചേഴ്സ് ലിമിറ്റഡിന്റെ നിക്ഷേപകരായി ക്യുഐഎയെ സ്വാഗതം ചെയ്യുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്ന് റിലയൻസ് റീട്ടെയിൽ വെഞ്ചേഴ്സ് ലിമിറ്റഡ് ഡയറക്ടർ ഇഷ മുകേഷ് അംബാനി പറഞ്ഞു. ക്യുഐഎയുടെ നിക്ഷേപം ഇന്ത്യൻ സമ്പദ്വ്യവസ്ഥയിലേക്കും റിലയൻസിന്റെ റീട്ടെയിൽ ബിസിനസ് മോഡൽ, പ്രായോഗിക ആശയങ്ങൾ, നിർവഹണം എന്നിവയ്ക്കുള്ള അംഗീകാരമാണെന്നും അവർ കൂട്ടിച്ചേർത്തു.

## സെൻഹൈസർ ആംബിയോ സൗണ്ട്ബാർ പ്ലസ് പുറത്തിറക്കുന്നു

**കൊച്ചി:** വീടുകളിലേക്ക് ഏറ്റവും മികച്ച ആകർഷകമായ ശബ്ദം കൊുവരാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്കായി കൂടുതൽ ഉൽപ്പന്നങ്ങൾ വാഗ്ദാനം ചെയ്യുന്ന സെൻഹൈസർ, ആംബിയോ സൗണ്ട്ബാർ ശ്രേണി വിപുലീകരിച്ചുകൊ് പുതിയ ആംബിയോ സൗണ്ട്ബാർ പ്ലസും ആംബിയോ സബ്ബും പുറത്തിറക്കുന്നതായി പ്രഖ്യാപിച്ചു. ലോകത്തിലെ ആദ്യത്തെ 7.1.4. സ്റ്റാൻഡ് എലോൺ സൗണ്ട്ബാർ ആയ ആംബിയോ സൗണ്ട്ബാർ പ്ലസ് ഉപയോക്താവിനെ കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. എന്നാൽ അത് സെൻഹൈസറിന്റെ വലുതും, അവാർഡ് നേടിയതുമായ മറ്റൊരു ഉൽപ്പന്നമായ, മുമ്പ് ആംബിയോ സൗണ്ട്ബാർ എന്നറിയപ്പെട്ടിരുന്ന ആംബിയോ സൗണ്ട്ബാർ മാക്സിനേക്കാൾ ഒതുക്കമുള്ളതാണ്. ആംബിയോ സബ് ഒരു വിസ്മയിപ്പിക്കുന്ന സിനിമാറ്റിക് അനുഭവം ഉറപ്പുനൽകുന്നു. സെൻഹൈസർ ബ്രാൻഡിൽ നിന്ന് പ്രതീക്ഷിക്കുന്നത് പോലെ, നിങ്ങളുടെ പ്രിയപ്പെട്ട സംഗീതം കേൾക്കുന്നതിനും അത് മികച്ചതാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## വിഭവ സമൃദ്ധ ഓണസദ്യയുമായി ഓ ബൈ താമര

**തിരുവനന്തപുരം:** തിരുവോണ നാളിൽ വിഭവ സമൃദമായ സദ്യയുമായി ഓ ബൈ താമര. ഉച്ചയ്ക്ക് 12.00 മുതൽ 3.00 വരെ ഓപസ് ഗ്രാൻഡ് ബോൾറൂമിലാണ് ഓണസദ്യ ഒരുക്കുന്നത്. സദ്യക്കുള്ള മുൻകൂർ റിസർവേഷൻ ഓഗസ്റ്റ് 25 വരെ ഉായിരിക്കും. ഓണാഘോഷത്തിന്റെ ഭാഗമായ അത്തപ്പൂക്കളത്തിനും മാവേലി വേഷത്തിനുംപുറമെ വിവിധ തത്സമയ വിനോദ പരിപാടികളും അതിഥികൾക്കായി ഒരുക്കിയിട്ടു്.

# വിദ്യാർത്ഥികൾക്ക് പ്രിയം യൂട്യൂബ്, 98% വിദ്യാർത്ഥികളും ഡിജിറ്റൽ പഠന സഹായം ഉപയോഗിക്കുന്നു

**കൊച്ചി :** വിദ്യാർത്ഥികളിൽ 98 ശതമാനം പേരും പഠനത്തിനായി ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായം തേടുന്നതായി സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച്(സിപിപിആർ) പഠനത്തിൽ കണ്ടെത്തി. എറണാകുളം ജില്ലയിലെ 400ൽ അധികം അപ്പർ പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ സർവേയിലാണ് കണ്ടെത്തൽ. 407 വിദ്യാർത്ഥികൾ, 52 അധ്യാപകർ, 47 രക്ഷിതാക്കൾ എന്നിവരിലാണ് സർവെ നടത്തിയത്. 97.79 ശതമാനം വിദ്യാർത്ഥികളും ഡിജിറ്റൽ പഠന വിദ്യകളുടെ സഹായം ഉപയോഗിക്കുന്നുണ്ടെന്ന് സർവെയിൽ നിന്ന് കണ്ടെത്തി. ടിവി, വാട്ട്സ്ആപ്പ്, യൂട്യൂബ്, ഇലേണിംഗ് ആപ്പുകൾ, വിദ്യാഭ്യാസ ചാനലുകൾ തുടങ്ങിയവയാണ് ഡിജിറ്റൽ പഠന ഉപകരണങ്ങളായി വിദ്യാർത്ഥികൾ ഉപയോഗിക്കുന്നത്. എറണാകുളം ജില്ലയിലെ എയ്ഡഡ്, സർക്കാർ സ്കൂൾ വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും അധ്യാപകരിലുമാണ് പഠനം നടത്തിയത്. 98.07 ശതമാനം അധ്യാപകരും വിദ്യാർത്ഥികളെ ഡിജിറ്റൽ പഠന ഉപകരണങ്ങളുടെ ഉപയോഗത്തിനായി പ്രോത്സാഹിപ്പിക്കുന്നുണ്ട്. 59.71 ശതമാനം വിദ്യാർത്ഥികളാണ് പഠനത്തിനായി ഡിജിറ്റൽ പഠന ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നത്. ബൈജൂസ്, സൈലം, എക്സാം വിന്നർ തുടങ്ങിയ സ്വകാര്യ ഡിജിറ്റൽ ലേണിംഗ് ആപ്പുകളാണ് ഭൂരിഭാഗം വിദ്യാർത്ഥികളും രക്ഷിതാക്കളും ഉപയോഗിക്കുന്നത്.പ്രാഥമികമായി സമഗ്ര ഇറിസോഴ്സ് പോർട്ടൽ പോലുള്ള സർക്കാർ ധനസഹായത്തോടെയുള്ള ഡിജിറ്റൽ ലേണിംഗ് ആപ്പുകളാണ് അധ്യാപകർ പ്രധാനമായും ഇഷ്ടപ്പെടുന്നത്.സ്വകാര്യ പ്ലാറ്റ്ഫോമുകൾ ഇഷ്ടപ്പെടുന്ന രക്ഷിതാക്കളിൽ 63.64% പേർ സൗജന്യ പ്ലാറ്റ്ഫോമുകളാണ് ഉപയോഗിക്കുന്നത്. ബാക്കിയുള്ളവർ പണമടച്ചുള്ള പ്ലാറ്റ്ഫോമുകളാണ് തിരഞ്ഞെടുക്കുന്നത്. കുട്ടികൾക്ക് കൂടുതൽ വ്യക്തിഗത പിന്തുണയും മികച്ച ഗുണനിലവാരമുള്ള പഠന സാമഗ്രികളും കാലികവും പ്രസക്തവുമായ ഡിജിറ്റൽ ഉള്ളടക്കം വാഗ്ദാനം ചെയ്യുന്നതിനാലാണ് ചില രക്ഷിതാക്കൾ പ്രാഥമികമായി പണമടച്ചുള്ള പ്ലാറ്റ്ഫോമുകൾ തെരഞ്ഞെടുക്കുന്നതെന്ന് സർവ്വേയിൽ പറയുന്നു.വീട്ടിൽ രണ്ടിൽ കൂടുതൽ ഡിജിറ്റൽ ഉപകരണങ്ങളുള്ള വിദ്യാർത്ഥികളുടെ ഡിജിറ്റൽ ലേണിംഗ് ആപ്ലിക്കേഷനുകളുടെ ദൈനംദിന ഉപയോഗ നിരക്ക് 46.15% ആണെന്ന് സർവേ വെളിപ്പെടുത്തുന്നു. ഒന്നോ രണ്ടോ ഡിജിറ്റൽ ഉപകരണങ്ങളുള്ള വിദ്യാർത്ഥികളിൽ 22.39% മാത്രമാണ് ദൈനംദിന ഉപയോഗ നിരക്ക്. സർവേ നടത്തിയവരിൽ ഏകദേശം 39.56% വിദ്യാർത്ഥികൾ ഡിജിറ്റൽ ലേണിംഗ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നില്ല. ഈ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ഡിജിറ്റൽ ഉപകരണങ്ങളുടെയും ഇന്റർനെറ്റ് കണക്ഷന്റെയും പരിമിതമായ ലഭ്യതയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ നേരിടുന്നവരാണ്. 60.2% വിദ്യാർത്ഥികളും ടിവിയിൽ വിദ്യാഭ്യാസ ചാനലുകൾ കാണുന്നുണ്ട്. സർവേയിൽ പങ്കെടുത്ത 83.05% വിദ്യാർത്ഥികളും വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി യൂട്യൂബ് കാണുന്നതായി വെളിപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ ലേണിംഗ് ആപ്പുകൾ, വിദ്യാഭ്യാസ ടിവി ചാനലുകൾ അല്ലെങ്കിൽ വാട്ട്സ്ആപ്പ് പോലുള്ള മറ്റ് അനുബന്ധ ആപ്പുകൾ എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറ്റവും ജനപ്രിയമായ ഡിജിറ്റൽ ലേണിംഗ് പ്ലാറ്റ്ഫോം യൂട്യൂബാണ്.ദിവസേന ഐസിടി (ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി) ഉപകരണങ്ങൾ ഉപയോഗിച്ച് പഠനം നടത്തുന്ന ഭൂരിഭാഗം വിദ്യാർത്ഥികളും (65.63%) ക്ലാസിൽ പഠിപ്പിക്കുന്ന വിഷയങ്ങളെക്കുറിച്ച് നന്നായി മനസ്സിലാകുന്നു എന്ന് വെളിപ്പെടുത്തുന്നുണ്ട്. എഡ്ടെക്കിന്റെ സഹായത്തോടെ സ്കൂളിന് ശേഷമുള്ള പഠന പിന്തുണ വർദ്ധിച്ചതായി 92.31% അധ്യാപകരും അവകാശപ്പെടുന്നുണ്ട്. കുട്ടിയുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് മാതാപിതാക്കളുമായി മെച്ചപ്പെട്ട ആശയവിനിമയം നടത്താനായതായി 84.62% അധ്യാപകരും അവകാശപ്പെടുന്നു. സർവേയിൽ പങ്കെടുത്ത 57.47% വിദ്യാർത്ഥികളും തങ്ങളുടെ സ്കൂളുകളിൽ നിന്ന് ഐസിടി പരിശീലനം ലഭിക്കുന്നതായി പറയുന്നുണ്ട്.98.08% അധ്യാപകരും വിദ്യാർത്ഥികൾക്ക് അതത് സ്കൂളുകളിൽ നിന്ന് ഐ.സി.ടി പരിശീലനം ലഭിച്ചതായി വെളിപ്പെടുത്തുന്നുണ്ട്.

# വെറ്റ്ലാന്റ് അനലിസ്റ്റ്, പ്രോജക്ട് സയന്റിസ്റ്റ് ഒഴിവുകൾ

**തിരുവനന്തപുരം:** പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന തണ്ണീർതട അതോറിറ്റിയിലേക്ക് റാംസാർ തണ്ണീർതടങ്ങളുടെ കർമ്മ പരിപ്രേക്ഷ്യം നടപ്പാക്കുന്നതിന്റെ ഭാഗമായും അതോറിറ്റിയുടെ മറ്റ് സാങ്കേതിക പ്രവർത്തനങ്ങൾക്കായും രണ്ട് വെറ്റ്ലാൻഡ് അനലിസ്റ്റ് തസ്തികകളിലേക്കും ഒരു പ്രോജക്ട് സയന്റിസ്റ്റ് തസ്തിയിലേക്കും കരാർ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. നിർദ്ദിഷ്ട മാതൃകയിൽ പൂരിപ്പിച്ച അപേക്ഷയും വിശദമായ ബയോഡേറ്റയും സെപ്റ്റംബർ 15 വൈകുന്നേരം 5 ന് മുമ്പ് മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന തണ്ണീർതട അതോറിറ്റി (ടണഅഗ), നാലാം നില, കെ.എസ്.ആർ.ടി.സി ബസ് ടർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം , 695001 എന്ന വിലാസത്തിലും ംെമസ.സല്യമഹമ@ഴാമശഹ.രീാ എന്ന ഇമെയിലിലും നൽകണം. രണ്ട് തസ്തകകളിലേക്കും അപേക്ഷിക്കുന്നവർ പ്രത്യേകം അപേക്ഷകൾ നൽകണം. ഒരു അപേക്ഷയിൽ രണ്ട് തസ്തികകളിലേക്കുള്ള അപേക്ഷ സ്വീകരിക്കില്ല.അപേക്ഷയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ/ടേംസ് ഓഫ് റഫറൻസ്, മാതൃകാ അപേക്ഷാ ഫോം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ **www.envt.kerala.gov.in, www.swak.kerala.gov.in** എന്നിവയിൽ ലഭ്യമാണ്. ഫോൺ : 04712326264.

# തേവര എസ്എച്ച് കോളേജിൽ പൂക്കളം ഒരുക്കി വോട്ടർ ബോധവത്ക്കരണം




**കൊച്ചി:** തിരഞ്ഞെടുപ്പ് പ്രക്രിയയിൽ യുവ വോട്ടർമാരുടെ സാന്നിധ്യം ഉറപ്പാക്കാൻ കോളേജുകളിൽ ബോധവത്കരണ പരിപാടിക്ക് തുടക്കമായി. സ്വീപ് (സിസ്റ്റമാറ്റിക് വോട്ടേഴ്സ് എജ്യൂക്കേഷൻ ആന്റ് ഇലക്ടറൽ പാർട്ടിസിപ്പേഷൻ )ന്റെ നേതൃത്വത്തിൽ തേവര സേക്രട്ട് ഹാർട്ട് കോളേജിൽ ബോധവത്ക്കരണം സംഘടിപ്പിപ്പു. തിരഞ്ഞെടുപ്പ് പ്രമേയമാക്കി സ്വീപ് ലോഗോ ഉൾപ്പെടെ ഓണ പൂക്കളം ഒരുക്കിയാണ് ബോധവത്ക്കരണ പ്രചാരണം സംഘടിപ്പിച്ചത്. പൂക്കള മത്സരത്തിന്റെ സംസ്ഥാനതല ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് ക്യാഷ് പ്രൈസ് അടുത്ത ദേശീയ സമ്മദിദായക ദിന ഉദ്ഘാടന വേദിയിൽ നൽകും.കോളേജുകളിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് വേണ്ടി ഹെൽപ്പ് ഡെസ്ക്കും ഉണ്ടായിരിക്കും.താലൂക്ക് സ്വീപ് നോഡൽ ഓഫീസറും ഡെപ്യൂട്ടി തഹസിൽദാറുമായ സി.സോയാ, ഡെപ്യൂട്ടി തഹസിൽദാർമാരായ ട്രീസ ലിൻസി ഡിക്രൂസ്, ഇ.എ. ജോസ്,എസ്.എച്ച്.കോളേജ് പ്രിൻസിപ്പൽ ഫാ(ഡോ.)ജോസ് ജോൺ, മലയാള വിഭാഗം അസി.പ്രൊഫസർ ഡോ.പി.വിഷ്ണു രാജ് എന്നിവർ പങ്കെടുത്തു.






RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288, Kerala.E-mail-societytodaynews@gmail.com